بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 34

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ആഗസ്റ്റ് 20/ഹി.ശം. 1399 ള്വുഹൂർ 20/1441 ദുൽഹജ്ജ് 29


## അല്ലാഹുവിന്റെ വചനം

فَكَيۡفَ اِذَا جِئۡنَا مِنۡ كُلِّ اُمَّةٍۭ بِشَهِيۡدٍ وَّجِئۡنَا بِكَ عَلٰى هٰٓؤُلَآءِ شَهِيۡدًا (النساء:42)

‘എന്നാൽ നാം ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ കൊണ്ടുവരികയും ഇവർക്കു സാക്ഷിയായി നാം നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോൾ (ഇവരുടെ)സ്ഥിതി എന്തായിരിക്കും?’(4:42)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ ഉപദേശം

### ബാങ്കുവിളിയുടെ പ്രാധാന്യവും ശ്രേഷ്ഠതയും

☼ ഹദ്റത്ത് അബൂ സയീദ് ഖുദ്രീ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ‘നിങ്ങൾ ബാങ്കുവിളി കേട്ടാൽ ബാങ്കു വിളിക്കുന്നവൻ പറയുംപോലെ നിങ്ങളും പറയുക.’

☼ ജാബിർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:

اَللّٰهُمَّ رَبَّ هٰذِهِ الدَّعْوَةِ التَّامَّةِ وَالصَّلَاةِ الْقَائِمَةِ آتِ مُحَمَّدًا الْوَسِيْلَةَ وَالْفَضِيْلَةَ وَابْعَثْهُ مَقَامًا مَّحْمُوْدًا الَّذِيْ وَعَدْتَّهُ

‘ഈ പരിപൂർണ വിളിയുടേയും ആരംഭിക്കാൻ പോകുന്ന നമസ്കാരത്തിന്റേയും നാഥനായ അല്ലാഹുവേ! നീ വാഗ്ദാനം ചെയ്ത പ്രകാരം മുഹമ്മദ് നബി(സ)ക്ക് പരമോന്നത സാമീപ്യവും അത്യുന്നതപദവിയും നൽകുകയും സ്തുത്യർഹമായ സ്ഥാനത്തേക്ക് അദ്ദേഹത്തെ നീ ഉയർത്തുകയും ചെയ്യേണമേ! എന്നു ബാങ്കു കേൾക്കുന്നവൻ പറഞ്ഞാൽ അന്ത്യദിനം അവൻ എന്റെ ശിപാർശക്ക് അർഹനായി.’

☼ ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ‘ബാങ്കിലും ഒന്നാമത്തെ വരിയിൽ ഇരിക്കുന്നതിലും എത്രമാത്രം പുണ്യമുണ്ടെന്ന് ആളുകൾ അറിഞ്ഞിരുന്നെങ്കിൽ കുറിയിട്ടു ഇരുത്തുകയല്ലാതെ വേറെ നിർവാഹമുണ്ടാകുമായിരുന്നില്ല. ള്വുഹ്ർ നമസ്കാരം ആദ്യസമയത്തുതന്നെ നമസ്കരിക്കുന്നതിൽ എത്ര പുണ്യമുണ്ടെന്ന് ജനങ്ങൾ ഗ്രഹിച്ചിരുന്നെങ്കിൽ അതിലേക്ക് അവർ ഓടുമായിരുന്നു. ഇശാ നമസ്കാരത്തിലും സുബ്ഹി നമസ്കാരത്തിലുമുള്ള നേട്ടം ജനങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ മുട്ടുകുത്തിയെങ്കിലും അത് നമസ്കരിക്കുവാൻ അവർ വരുമായിരുന്നു. (സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ , 2006 ഖാദിയാൻ)

### ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി

ഖുത്വ്ബ ജുമുഅ 2020 ജൂലായ് 10 (സമ്പൂർണ തർജമ)

റിപ്പോർട്ട് പര്യടനം ഹുദൂർ അയ്യദഹുല്ലാഹ്


**നിങ്ങളെ സൃഷ്ടിച്ചതിന്റെ ദൈവികോദ്ദേശ്യം അവനെ ആരാധിക്കുക അവന്റേതായിത്തീരുക എന്നതാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടത് എത്രമാത്രം ആവശ്യമാണ്; നിങ്ങളുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം ഭൗതികതയാവരുത്. ചുരുക്കത്തിൽ അല്ലാഹു മുത്തഖിയുടെ ജീവിതം പരിഗണിക്കുന്നു. അവന്റെ നിലനിൽപിനെ സ്നേഹിക്കുന്നു. ആരാണോ അവന്റെ ഇഷ്ടത്തിനു വിരുദ്ധം നടക്കുന്നത് അവൻ അവരെ പരിഗണിക്കുകയില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ആരാധന

നിങ്ങളെ സൃഷ്ടിച്ചതിന്റെ ദൈവികോദ്ദേശ്യം അവനെ ആരാധിക്കുക അവന്റേതായിത്തീരുക എന്നതാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടത് വളരെ ആവശ്യമാണ്; നിങ്ങളുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം ഭൗതികമാവരുത്. അതുകൊണ്ടാണ് ഞാൻ ആവർത്തിച്ച് ഇക്കാര്യം വിവരിക്കുന്നത്. എന്റെ പക്കൽ ഈയൊരു കാര്യമേയുള്ളൂ. മനുഷ്യൻ വന്നിട്ടുള്ളത് ഇതിനുവേണ്ടിയാണ്. ഇക്കാര്യത്തിൽനിന്നാണ് അവൻ ദൂരെ മാറികിടക്കുന്നതും! ലോകത്തിലെ തൊഴിലുകളെല്ലാം ഉപേക്ഷിക്കണമെന്ന് ഞാൻ പറയുന്നില്ല. ഭാര്യാമക്കളിൽനിന്ന് അകന്ന് ഏതെങ്കിലും വനത്തിലോ മലയിലോ പോയിരിക്കണമെന്നും പറയുന്നില്ല. ഇസ്ലാം അതിനെ അനുവദനീയമാക്കിയിട്ടുമില്ല. സന്യാസം ഇസ്ലാമിന്റെ ഉദ്ദേശ്യമല്ല. ഇസ്ലാം മനുഷ്യനെ ഉത്സുകനും സമർഥനും സുസജ്ജനും ആക്കാനാഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത് നിങ്ങൾ നിങ്ങളുടെ തൊഴിലുകൾ കഠിനപ്രയത്നത്തോടെ ചെയ്യുക. ഭൂമി കൈവശമുള്ളവൻ അതിനെക്കുറിച്ച് ചിന്തിച്ചിരിക്കരുതെന്ന് ഹദീഥിൽ വന്നിരിക്കുന്നു. അങ്ങനെ ചെയ്താൽ അവൻ ചോദിക്കപ്പെടും. ഇതിൽനിന്ന് ദുൻയാവിലെ തൊഴിലുകളിൽനിന്ന് വിട്ടുനില്ക്കുക എന്നാണ് ഉദ്ദേശ്യമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അവൻ തെറ്റാണ് ചെയ്യുന്നത്; അങ്ങനെയല്ല. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചാണോ തൊഴിലുകൾ ചെയ്യുന്നതെന്നും അവന്റെ തീരുമാനത്തിൽനിന്ന് വെളിയിൽപോയി സ്വന്തം ഉദ്ദേശ്യങ്ങളും വികാരങ്ങളും മുന്തിക്കുന്നുണ്ടോ എന്നും നോക്കുക എന്നതാണ് യഥാർഥകാര്യം.

അതിനാൽ മനുഷ്യന്റെ ജീവിതലക്ഷ്യം കേവലം സുഖ ജീവിതത്തിൽ മാത്രം കഴിയുകയും അവന്റെ സകല വിജയങ്ങളുടേയും പാരമ്യം ഭക്ഷണവും പാനീയവും വസ്ത്രവും ഉറക്കവും ആയിരിക്കുകയും അല്ലാഹുവിനുവേണ്ടി ഒരു കോളവും അവന്റെ മനസ്സിൽ അവശേഷിക്കാതിരിക്കുകയുമാണെങ്കിൽ ഓർമിക്കുക, അത്തരം വ്യക്തി സ്വാഭാവികമായും അല്ലാഹുവിനെ മാറ്റിമറിക്കുന്നവനാണ്. അതിന്റെ ഫലമായി പതുക്കെപ്പതുക്കെ തന്റെ ശക്തികളെ അവൻ പാഴാക്കിക്കളയുന്നതായിരിക്കും. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ നമ്മൾ ഒരു വസ്തു എടുക്കുന്നത് നമ്മൾ ഉദ്ദേശിക്കുന്നതുപോലെ അത് പ്രയോജനപ്പെടുന്നില്ലെങ്കിൽ പാഴാണെന്ന് കരുതി അത് തള്ളിക്കളയുന്നു എന്നത് വ്യക്തമായ കാര്യമാണ്. ഉദാഹരണത്തിന് കസേരയോ മേശയോ ഉണ്ടാക്കാൻ ഒരു തടി എടുക്കുന്നു. അത് അതിന് കൊള്ളുകയില്ലെന്നു കണ്ടാൽ നമ്മൾ അത് വിറകാക്കും. ഇപ്രകാരം മനുഷ്യന്റെ സൃഷ്ടിപ്പിന്റെ യഥാർഥ ഉദ്ദേശ്യം ദൈവാരാധനയാണ്. എന്നാൽ, അവൻ തന്റെ പ്രകൃതിയെ ബാഹ്യമായ കാര്യങ്ങളും ബന്ധങ്ങളുംകൊണ്ട് മാറ്റി പാഴാക്കിക്കളയുന്നുവെങ്കിൽ

(ശേഷം പേജ് 12ൽ)

## മുൻഗ്രന്ഥങ്ങളിലുള്ള എല്ലാ സത്യസാക്ഷ്യങ്ങളും ഇതിലുണ്ടെന്നാണ് വിശുദ്ധ ഖുർആന്റെ വാദം.

ആക്ഷേപിക്കുക എന്നത് എളുപ്പമുള്ള കാര്യമാണ്. അത് ഏവർക്കും അവരുടെ എതിരാളികൾക്കെതിരെ ഉന്നയിക്കാൻ കഴിയും. സത്യനിഷേധികൾ എപ്പോഴും ആക്ഷേപങ്ങൾവരെമാത്രമാണ് തങ്ങളുടെ ആക്രമണത്തെ ഒതുക്കിനിറുത്തുന്നത്. അവരുടെ യോഗ്യത പ്രകടമാകുന്നതും അവരുടെ ആക്ഷേപങ്ങളുടെ യാഥാർഥ്യം വെളിപെടുന്നതുമായ ശക്തമായ ഒരു ജോലിയും എതിരാളികൾക്കെതിരിൽ ഒരിക്കലും അവർ ചെയ്യുകയില്ല. വിശുദ്ധഖുർആനെ നിഷേധിക്കുന്നവരുടേയും അവസ്ഥ ഇതുതന്നെയാണ്. അവർ വിശുദ്ധഖുർആനെതിരെ ആക്ഷേപം ഉന്നയിക്കാറുണ്ടെങ്കിലും അതിനെതിരിൽ അതിനേക്കാൾ മെച്ചപ്പെട്ടത് അവിടെ നില്ക്കട്ടെ, അതിനുതുല്യമായതുപോലും സമർപിക്കാൻ അവർക്കു കഴിഞ്ഞില്ല. ഇന്നും വിശുദ്ധഖുർആന്റെ എതിരാളികളുടെ അവസ്ഥ ഇതുതന്നെയാണ്. ക്രൈസ്തവ എഴുത്തുകാർ വിശുദ്ധ ഖുർആനെതിരിൽ ആക്ഷേപം ഉന്നയിച്ചു വന്നിട്ടുണ്ട്. പക്ഷേ ഇന്നുവരെ അതിന്റെ വെല്ലുവിളി പൂർത്തിയാക്കാനോ അതിനു തുല്യമായത് കൊണ്ടുവരാനോ അവർക്ക് തന്റേടമുണ്ടായിട്ടില്ല. ഇഞ്ചീലിലെ ഇന്ന ഭാഗം, വിശുദ്ധഖുർആൻ മോഷ്ടിച്ചുവെന്നും തൗറാത്തിൽനിന്ന് ഇന്ന കാര്യം പൊക്കിയെന്നും സർദശ്തികളുടെ ഗ്രന്ഥങ്ങളിൽനിന്ന് ഇന്ന അധ്യാപനം എടുത്തുവെന്നും അവർ പറയുന്നു! പക്ഷേ, ഇഞ്ചീലിൽനിന്നും തൗറാത്തിൽനിന്നും സർദശ്തികളുടെ ഗ്രന്ഥങ്ങളിൽനിന്നും അതേ വിഷയമെടുത്ത് അവരുടെ ആരോപണത്തിന് വിധേയമായ വിശുദ്ധ ഖുർആനെപ്പോലെ സകല കാര്യങ്ങളും അടങ്ങിയ ഒരു ഗ്രന്ഥം രചിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല.

തേനീച്ചകൾ പുഷ്പങ്ങളിൽനിന്ന് സുഗന്ധമെടുത്തതാണെന്നും പഴങ്ങളിൽനിന്ന് മധുരം മോഷ്ടിച്ചതാണെന്നും പറഞ്ഞ് തേനിനുമേൽ എളുപ്പത്തിൽ ആക്ഷേപം ഉന്നയിക്കാൻ മനുഷ്യന് കഴിയും. എന്നാൽ, അവർ ആക്ഷേപിക്കുന്നതുപോലെ അത്തരം തേൻ ഉണ്ടാക്കി കാണിക്കുമ്പോഴാണ് കാര്യം നിറവേറ്റപ്പെടുന്നത്. നല്ല വസ്തുക്കൾ വിവിധ സ്ഥലങ്ങളിൽനിന്നെടുത്ത് പുതിയൊരു വസ്തു ഉണ്ടാക്കുക. അപ്പോഴാണ് അതൊരു ശ്രേഷ്ഠതയാകുന്നത്. അതെളുപ്പമുള്ള കാര്യമാണെങ്കിൽ ആ

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآ اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

ഞാൻ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സമ്മാനം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി എന്ന വിഷയത്തിന്റെ പരമ്പര ആരംഭിച്ചിരുന്നു. രണ്ടു ഭാഗം മാത്രമെ പ്രസിദ്ധീകരിച്ചിരുന്നുള്ളൂ. പിന്നെ ലോക്ഡൗൺ കാരണത്താൽ ഈ പരമ്പര തുടരാൻ കഴിഞ്ഞില്ല. ഞങ്ങൾ വീണ്ടും അത് തുടങ്ങുകയാണ്. കഴിഞ്ഞ രണ്ടു ഭാഗങ്ങൾ 19, 20 ലക്കങ്ങളിൽ വായിക്കാവുന്നതാണ്.

റൂഹാനീഖസാഇന്റെ വാള്യം രണ്ടിലെ ആദ്യ ഗ്രന്ഥമാണ് "പുരാനീ തഹ്രീരേൻ.' ഇതു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 1879ലെ വിവിധ ലേഖനങ്ങളാണ്. അത് അക്കാലത്ത് വിവിധ പത്രങ്ങളിലും മാസികകളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 1899-ലാണ് അത് ഗ്രന്ഥരൂപത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ചത്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഗ്രന്ഥത്തിൽ പണ്ഡിറ്റ് ഘടക് സിംഗ് സാഹിബിനെ 500 രൂപ സമ്മാനം പ്രഖ്യാപിച്ചുകൊണ്ട് വെല്ലുവിളിച്ചിരുന്നു. അതിന്റെ വിശദീകരണം ഇപ്രകാരമാണ്.

അമൃതസറിലെ ആര്യസമാജത്തിലെ അംഗമായ പണ്ഡിറ്റ് ഘടക് സിംഗ് സാഹിബ് ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദു(അ)മായി സംവാദത്തിന് ആഗ്രഹം പ്രകടിപ്പിച്ചു. അവിടന്ന് ഇസ്‌ലാമിന്റെ നാമം തിളങ്ങുന്ന അത്തരം അവസരങ്ങൾ പാർത്തിരിക്കുകയായിരുന്നു. ആ മഹാത്മാവ് ക്ഷണത്തിൽ സംവാദം സമ്മതിച്ചു. അങ്ങനെ സംവാദം ഹിന്ദുക്കളുടെ വിശ്വാസപരമായ 'പുനർജന്മ സിദ്ധാന്തത്തിൽ' ആയിരിക്കുമെന്ന് നിശ്ചയിക്കപ്പെട്ടു. പണ്ഡിറ്റ് ഘടക് സിംഗ് സാഹിബ് പുനർജന്മ സിദ്ധാന്തം സ്ഥാപിക്കുന്നതിന് വേദങ്ങളിൽനിന്ന് തെളിവുകൾ കൊണ്ടുവരുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനെ ഖണ്ഡിച്ചുകൊണ്ട് വിശുദ്ധഖുർആനിൽനിന്ന് തെളിവുകൾ ഉദ്ധരിക്കുന്നതായിരിക്കും. ഈ രീതിയിൽ വിശുദ്ധഖുർആനും വേദവും തമ്മിൽ മത്സരമുണ്ടാകും; യഥാർഥത്തിൽ ആരാണ് ശ്രേഷ്ഠതയ്ക്ക് അവകാശികളെന്ന് വെളിവാകുകയും ചെയ്യും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പുനർജന്മ സിദ്ധാന്തത്തെ ഖണ്ഡിച്ചുകൊണ്ട് തന്റെ വിഷയം പൊതുയോഗത്തിൽ കേൾപ്പിച്ചു. അടുത്ത ഊഴം ഘടക് സിംഗ് സാഹിബിന്റേതായിരുന്നു. പുനർജന്മ സിദ്ധാന്തം സ്ഥാപിക്കുന്നതിനുവേണ്ടി വേദങ്ങളിൽനിന്ന് ശ്രുതികൾ അദ്ദേഹം അവതരിപ്പിക്കണമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തെളിവുകളെ ഖണ്ഡിക്കുകയും വേണമായിരുന്നു. പക്ഷേ, പണ്ഡിറ്റ്ജി രണ്ട് ശ്രുതികൾ മാത്രം അവതരിപ്പിച്ചു. അവയിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പുനർജന്മത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തെളിവുകളെ ഒന്നും ഖണ്ഡിച്ചതുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'വിശുദ്ധഖുർആന്റെ തെളിവുകൾക്കെതിരിൽ തന്റെ വേദത്തിൽനിന്ന് കുറച്ച് തത്ത്വം എന്നെ കാണിക്കേണ്ടത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. പണ്ഡിറ്റ് ദയാനന്ദ് സാഹിബ് കാലങ്ങളായി വേദം സകല അറിവുകളുടേയും ഉറവിടമാണെന്ന് വാദിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, വളരെ ഖേദത്തോടെ പറയട്ടെ ഒന്നും തന്നെ അദ്ദേഹത്തിന് സംസാരിക്കാൻ കഴിഞ്ഞില്ല. സ്തബ്ധനായി ഇരുന്നുപോയി. അപ്രാപ്തനും വിവശനുമായി തന്റെ ഗ്രാമത്തിലേക്കു തിരിച്ചുപോകുകയും ചെയ്തു.'(പുരാനീ തഹ്‌രീരേൻ, റൂഹാനീ ഖസാഇൻ, വാള്യം 2, പേജ് 4)

തന്റെ ഗ്രാമത്തിലെത്തിയ പണ്ഡിറ്റ് ഘടക് സിംഗ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദി(അ) നെഴുതി: 'ഏതെങ്കിലും പത്രത്തിലൂടെ ഞാൻ പുനർജന്മസിദ്ധാന്തം എന്ന വിഷയത്തിൽ വേദവും ഖുർആനും തമ്മിലുള്ള താരതമ്യം ആഗ്രഹിക്കുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ അപേക്ഷയും സ്വീകരിച്ചു. അവിടന്നെഴുതി: 'ഞാൻ പൊതുയോഗത്തിൽ അവതരിപ്പിച്ച വിഷയം അത് വിശുദ്ധഖുർആനിലെ തെളിവും പ്രമാണവും കൊണ്ട് എഴുതിയിട്ടുള്ളതാണ്. എന്റെ ഈ ലേഖനത്തിനുള്ള മറുപടിയായുള്ള താങ്കളുടെ സ്വന്തം വിഷയം 'സഫീർഹിന്ദ്' പത്രത്തിലോ 'ബ്രാദറെഹിന്ദ്' പത്രത്തിലോ പ്രസിദ്ധീകരിക്കുക. ജനങ്ങൾ സ്വയം തീരുമാനമെടുത്തുകൊള്ളും. മധ്യസ്ഥനും വിധികർത്താവുമെന്ന നിലയിൽ താങ്കൾ പാതിരി രജബ് അലിയേയും പണ്ഡിറ്റ് ശിവനാരായണൻ ബ്രഹ്മസമാജിയേയും നിശ്ചയിച്ചിരിക്കുകയാണ്. അവിടന്ന് പറഞ്ഞു:

"ഈ സംവാദത്തിൽ, പണ്ഡിറ്റ് ഘടക് സിംഗ് സാഹിബ് മാത്രമേ അധ്വാനിച്ച് മറുപടി എഴുതാവൂ എന്ന നിർബന്ധമൊന്നുമില്ല. ഞാൻ പരസ്യമായി വിളംബരം ചെയ്യുകയാണ്, ബഹുമാനവും ശ്രേഷ്ഠതയുമുള്ളവരിൽപെട്ട ഏതു സ്നേഹിതനും മറുപടി എഴുതാവുന്നതാണ്. ഇത്രമാത്രം അധികം താക്കീത് ചെയ്തുപറഞ്ഞിട്ടും ഒരു സാഹിബും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കാതിരിക്കുകയും പുനർജന്മ സിദ്ധാന്തത്തെ പിന്തുണച്ചുകൊണ്ടുള്ള വാദം വേദത്തിൽനിന്ന് അവതരിപ്പിക്കാതിരിക്കുകയോ വേദത്തിൽനിന്ന് മറുപടി പറയേണ്ടതിനുപകരം തെളിവുകൾ സ്വന്തം ബുദ്ധിയിൽനിന്ന് നല്കുകയുമാണെങ്കിൽ, പുനർജന്മ സിദ്ധാന്തം എന്നെന്നേക്കുമായി അവരിൽ തീരുമാനമാകുന്നതായിരിക്കും. വേദം സകലജ്ഞാനങ്ങളുടെയും ഉറവിടമാണെന്ന അവരുടെ വാദം കേവലം അപ്രമാണവും നിരർഥവുമായി സ്ഥാപിതമാകുന്നതായിരിക്കും.' (പുരാനീ തഹ്‌രീരേൻ, റൂഹാനീ ഖസാഇൻ, വാള്യം 2, പേജ് 5)

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) 500 രൂപ സമ്മാനം പ്രഖ്യാപിച്ചുകൊണ്ട് വിളംബരം ചെയ്തെഴുതി:

'അവസാനമായി ഓർമപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ഇതും ഞാൻ അഭ്യർഥിക്കുകയാണ്, ഞാൻ 1878ൽ ഒരു വിജ്ഞാപനം 500 രൂപ സമ്മാനം പ്രഖ്യാപിച്ചുകൊണ്ട് ഇതിനു മുമ്പേ വിളംബരം ചെയ്തിരുന്നു. ആ വിജ്ഞാപനത്തിന് ഇപ്പോഴത്തെ ഈ വിഷയവുമായിട്ടും ബന്ധമുണ്ട്. പണ്ഡിറ്റ് ഘടക് സിംഗ് സാഹിബോ മറ്റാരെങ്കിലുമോ നമ്മുടെ എല്ലാ തെളിവുകളും നമ്പറിട്ട് വേദത്തിൽനിന്ന് തെളിവുദ്ധരിച്ച് മറുപടി നല്കി സ്വന്തം ബുദ്ധികൊണ്ട് ഖണ്ഡിക്കുകയാണെങ്കിൽ നിസംശയം വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള തുകയ്ക്ക് അയാൾ അർഹനായിരിക്കും. പ്രത്യേകിച്ചും തനിക്ക് അഞ്ചു മിനിറ്റുകൊണ്ട് മറുപടി തരാൻ കഴിയുമെന്ന് പറയുന്ന ഘടക് സിംഗ് സാഹിബിന്റെ സേവനം കണക്കിലെടുത്ത് അഭ്യർഥിക്കുകയാണ്, ഇപ്പോൾ താങ്കളുടെ ഈ വൈജ്ഞാനികമായ കഴിവ് ബ്രഹ്മസമാജത്തിലും ക്രിസ്തുമതത്തിലുമുള്ള പണ്ഡിത ശ്രേഷ്ഠന്മാരുടെ മുമ്പിൽ കാണിക്കുക. അവരിൽ മറഞ്ഞുകിടക്കുന്ന ഉന്നതമായ കഴിവുകൾ വെളിച്ചത്തുകൊണ്ടുവരിക. ഇല്ലെങ്കിൽ വിവരമില്ലാത്ത ആളുകളുടെ മുമ്പിൽ മൗനം പാലിക്കുക എന്നത് കേവലം പൊങ്ങച്ചം കാണിക്കലല്ലാതെ മറ്റൊന്നുമല്ല.' (Ibid, പേജ് 5)

മാന്യ വായനക്കാരേ! ഈ സംവാദത്തിൽ ഘടക്സിംഗിന് എത്രമാത്രം നാണംകെടേണ്ടിവന്നുവെന്നാൽ, വേദത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹം അവസാനിച്ചു. അതിനോടു വിടപറഞ്ഞ് ക്രിസ്ത്യാനിയാകുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ എഴുതി:

'ഈ നേരത്ത് എനിക്ക് മറ്റൊരു പണ്ഡിറ്റ് സാഹിബിനേയും ഓർമവന്നു. അദ്ദേഹത്തിന്റെ പേര് ഘടക് സിംഗ് എന്നാണ്. ഈ സാഹിബ് വേദങ്ങളെ പിന്തുണച്ചുകൊണ്ട് സംവാദത്തിനായി ഖാദിയാനിൽവന്നു. 'തങ്ങളുടെ പണ്ഡിറ്റ് നാലു വേദങ്ങളും മനഃപാഠമാക്കിയിട്ടുള്ള ശ്രേഷ്ഠനായ പണ്ഡിതനാണ്' എന്ന് വിളിച്ചു പറഞ്ഞ് ഖാദിയാനിലെ ആര്യസമാജക്കാർ ഒരുപാട് ബഹളം വെച്ചു; പിന്നീട് സംവാദം ആരംഭിച്ചപ്പോൾ പണ്ഡിറ്റ് സാഹിബിന് എത്രമാത്രം ദുരവസ്ഥ ഉണ്ടായെന്നാൽ മിണ്ടാട്ടമില്ലാതായി. വേദത്തിന്റെ സകല സ്തുതികളും മറന്നുപോയി. ഭൗതികോദ്ദേശ്യം കാരണത്താൽ ഇസ്‌ലാം സ്വീകരിച്ചില്ല. എന്നാൽ, ഖാദിയാനിൽനിന്ന് തിരിച്ചു പോയി വേദത്തോട് സലാം പറഞ്ഞു. മാമോദീസ എടുത്തു. 'രിയാളെ ഹിന്ദിലും' 'ചശ്മയെ നൂർ അമൃതസരിലും' അദ്ദേഹം പ്രസിദ്ധീകരിച്ച ലക്ഷ

(ശേഷം പേജ് 9ൽ)

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

# ഖുത്ബ ജുമുഅ

യഹൂദികളിൽനിന്ന് തലയെടുപ്പുള്ള പത്തുപേർ എന്നെ വിശ്വസിച്ചിരുന്നുവെങ്കിൽ ഈ ജനത മുഴുവൻ എന്നെ വിശ്വസിക്കുകയും ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുമായിരുന്നുവെന്നായിരുന്നു എന്റെ പ്രതീക്ഷ.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ബദ്രീ സ്വഹാബിയും ഇസ്‌ലാമിന്റേയും ഇസ്‌ലാം മതസ്ഥാപകന്റേയും അങ്ങേയറ്റത്തെ പ്രേമിയും ഔസ് ഗോത്രത്തിന്റെ ഉന്നതനേതാവും ആത്മാർഥനും നബി(സ)തിരുമേനിയിൽ അനുരക്തനുമായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ പരിശുദ്ധമായ ജീവിതചരിത്ര വിവരണം.

**അഹ്സാബ് യുദ്ധത്തിന്നിടയിൽ ബനൂഖുറയ്ള്വായുടെ വഞ്ചനയും ദൈവിക നിയന്ത്രണമനുസരിച്ച് അവർക്കു നല്കിയ ശിക്ഷയുടെ വിശദീകരണവും.**

ഹാജിയ റുഖ്‌യാ ഖാലിദ് സാഹിബ ഘാന, സ്വഫിയ ബീഗം സാഹിബ, അലി അഹ്മദ് സാഹിബ്, റഫീഖാൻ ബീബീ സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും അവരോടൊപ്പം നാസിർ സയീദ് സാഹിബ്, ഗുലാം മുസ്ത്വഫാ സാഹിബ്, ഡോക്ടർ പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബ്, ദുൽഫിഖാർ അഹ്മദ് സാഹിബ് തുടങ്ങിയവരുടെ ജനാസ നമസ്കാരവും.

**ഖുത്ബ ജുമുഅ 2020 ജൂലായ് 10/1399 വഫാ 10**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നതുപോലെ അഹ്സാബ് യുദ്ധത്തിനുശേഷം ബനൂഖുറയ്ള്വായുടെ വിശ്വാസവഞ്ചനയ്ക്കുള്ള ശിക്ഷ നൽകാൻ നബി(സ)തിരുമേനിക്ക് ദൈവകല്പനയുണ്ടായി. അങ്ങനെ അവരുമായി യുദ്ധം നടന്നു. പിന്നീട് ബനൂഖുറയ്ള്വ യുദ്ധം നിറുത്തുകയും സഅ്ദ് ബിൻ മുആദിനെക്കൊണ്ട് വിധി നടത്താൻ സമ്മതിക്കുകയും ചെയ്തു. അങ്ങനെ സഅ്ദ് ബിൻ മുആദ്(റ) വിധി പറയുകയുണ്ടായി. ഈ യുദ്ധത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് ഇപ്രകാരം വിവരിക്കുന്നു:

20 ദിവസത്തിനുശേഷം മുസ്‌ലിമീങ്ങൾക്കു ആശ്വാസത്തിന്റെ നെടുവീർപ്പിടാനായി! എന്നാൽ, ബനൂഖുറയ്ള്വായുമായുള്ള കണക്ക് തീർക്കേണ്ടിയിരുന്നു. ബനൂഖുറയ്ള്വാ മുസ്‌ലിമീങ്ങളുമായുള്ള കരാർ ലംഘിക്കുകയാണ് ചെയ്തത്. ഈ യാഥാർഥ്യം അവഗണിച്ചു കൂടായിരുന്നു. ക്ഷീണിച്ചു അവശരായ സേനാവിഭാഗങ്ങളെയെല്ലാം തിരുമേനി പുനഃസംഘടിപ്പിച്ചു. വിശ്രമിക്കാൻ സമയമായിട്ടില്ലെന്നവരോടു പറഞ്ഞു. അസ്തമയത്തിനു മുമ്പേതന്നെ ബനൂഖുറയ്ള്വായുടെ ശക്തികേന്ദ്രങ്ങൾ അധീനപ്പെടുത്തണമെന്നു തിരുനബി(സ) ആജ്ഞാപിച്ചു. എങ്കിലും കരാർ ലംഘിക്കാൻ കാരണമെന്താണെന്ന് അന്വേഷിക്കാനായി ഹദ്റത്ത് അലിയെ ജൂതന്മാരുടെ അടുക്കൽ അയക്കുകയുണ്ടായി. പക്ഷേ, ബനൂഖുറയ്ള്വാ തങ്ങളുടെ ചെയ്തിയിൽ ഖേദം പ്രകടിപ്പിക്കാനോ മാപ്പു ചോദിക്കാനോ തയ്യാറുണ്ടായിരുന്നില്ല. നേരെ മറിച്ചു അവർ ഹദ്റത്ത് അലിയെയും മറ്റു മുസ്‌ലിം പ്രതിനിധി സംഘാംഗങ്ങളെയും അപമാനിക്കുകയും തിരുനബിയെയും കുടുംബിനികളെയും നിലവിട്ടു ശകാരിക്കുകയുമാണ് ചെയ്തത്. മുഹമ്മദിനെ തങ്ങൾ സാരമാക്കുന്നില്ലെന്നും തങ്ങൾ ഒരു കരാറും ചെയ്തിരുന്നില്ലെന്നും അവർ പറയാൻ ധൃഷ്ടരായി. ജൂതന്മാരുടെ നിലപാടിനെ കുറിച്ച് തിരുമേനി(സ)ക്ക് റിപ്പോർട്ട് ചെയ്യാനായി ഹദ്റത്ത് അലി(റ) മടങ്ങിവരവെ, തിരുനബി(സ)യും സഖാക്കളും ജൂതകേന്ദ്രത്തിലേക്കു നീങ്ങുകയായിരുന്നു. ജൂതന്മാർ തിരുനബിയെയും ധർമദാരങ്ങളെയും പുത്രിമാരെയും അവഹേളിച്ചുകൊണ്ടിരുന്നു. ഇക്കാര്യം തിരുമേനിയെ വേദനിപ്പിക്കുമെന്നു കരുതിയ അലി(റ) ജൂതന്മാരോടു പൊരുതാൻ തങ്ങൾക്ക് കഴിയുമെന്നും തിരുമേനി(സ) യുദ്ധത്തിനു പുറപ്പെടേണ്ടതില്ലെന്നും അഭിപ്രായപ്പെട്ടു.

ഹദ്റത്ത് അലിയുടെ ഇംഗിതം മനസ്സിലാക്കിയ തിരുനബി(സ) ചോദിച്ചു, "അവരുടെ ശകാരം ഞാൻ കേൾക്കാതിരിക്കണം, അല്ലേ അലി?"

"നിശ്ചയമായും" അലി മറുപടി പറഞ്ഞു.

"എന്തുകൊണ്ട്?" തിരുമേനി ചോദിച്ചു; "മൂസാനബി(അ) അവരുടെ സ്വന്തം ആളായിരുന്നിട്ടും എന്നേക്കാളധികം അവരിൽനിന്നു കഷ്ടതകളനുഭവിക്കേണ്ടി വന്നിട്ടില്ലേ?"

തിരുമേനിയും സൈന്യവും മുന്നോട്ടു നീങ്ങി. ജൂതന്മാർ പ്രതിരോധത്തിനു തയ്യാറെടുക്കുകയും യുദ്ധം ആരംഭിക്കുകയും ചെയ്തു. അവരുടെ സ്ത്രീകളും പടക്കൊരുങ്ങി. ഏതാനും മുസ്‌ലിമീങ്ങൾ ഒരു ഭിത്തിയുടെ ചുവട്ടിൽ ഇരിപ്പുറപ്പിച്ചിരിക്കുകയായിരുന്നു. ഇതുകണ്ട ഒരു യഹൂദസ്ത്രീ അവരുടെ നേരെ ഒരു വലിയ കല്ല് ഉരുട്ടിയിട്ടു. ഖല്ലാദ് എന്നു പേരായ ഒരു മുസ്‌ലിം തൽക്ഷണം മൃതിയടഞ്ഞു. കുറച്ചു ദിവസങ്ങളോളം ഉപരോധം നീണ്ടുനിന്നു. ഏറെക്കാലം യുദ്ധം നടത്താൻ തങ്ങൾക്കാവില്ലെന്നു ഒടുവിൽ അവർക്ക് ബോധ്യപ്പെട്ടു. ആകയാൽ ജൂതന്മാരുമായി സ്നേഹനിലയിൽ വർത്തിക്കുന്ന ഔസ് ഗോത്രത്തിലെ മുഖ്യനും ഒരു അൻസ്വാരിയുമായ അബൂലുബാബയെ തങ്ങളുടെ അടുക്കലേക്കയക്കാൻ അഭ്യർഥിച്ചു. ഒരു ഒത്തു തീർപ്പിനെ പറ്റി അദ്ദേഹവുമായി ആലോചന നടത്തുകയായിരുന്നു അവരുടെ ആവശ്യം. തിരുനബി(സ) അബൂലുബാബയെ ജൂതന്മാരുടെ അടുക്കലേക്കയച്ചു. ജൂതന്മാർ ആയുധം വെച്ചു കീഴടങ്ങുകയും തിരുനബിയുടെ വിധി സ്വീകരിക്കുകയുമല്ലേ വേണ്ടതെന്നദ്ദേഹം തിരുമേനിയോട് ചോദിച്ചു. അവർ അങ്ങനെയാണ് വേണ്ടതെന്നായിരുന്നു അബൂലുബാബയുടെ അഭിപ്രായം. അതേ അവസരത്തിൽതന്നെ കൊലയാണവർക്ക് നൽകേണ്ട ശിക്ഷയെന്ന് സൂചിപ്പിച്ചുകൊണ്ടു അദ്ദേഹം തന്റെ വിരൽ കഴുത്തു ഉരച്ചു കാണിക്കുകയുമുണ്ടായി. തിരുനബി(സ) ഇതു സംബന്ധിച്ചു ആരോടുമൊന്നും പറഞ്ഞില്ല. ജൂതന്മാരുടെ കുറ്റത്തിനു കൊലയല്ലാതെ മറ്റൊരു ശിക്ഷയും നൽകാനില്ലെന്നു ഭയപ്പെട്ട അബൂലുബാബ കരുതിക്കൂട്ടിയൊന്നുമല്ലാതെയാണ് ആ ആംഗ്യം കാണിച്ചതെങ്കിലും അതൊടുവിൽ ജൂതന്മാർക്ക് മാരകമായ ഒരു ശിക്ഷാ വിധിയായിത്തന്നെ പരിണമിക്കുകയാണുണ്ടായത്. ജൂതന്മാർ അബൂലുബാബയുടെ ഉപദേശം തള്ളിക്കളയുകയും തിരുനബിയുടെ വിധി സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. അതവർ സ്വീകരിച്ചിരുന്നുവെങ്കിൽ, അവർ അനുഭവിക്കേണ്ടിവരുമായിരുന്ന ഏറ്റവും വലിയ ശിക്ഷ മദീനയിൽ നിന്നു നിഷ്കാസനം ചെയ്യപ്പെടുകയെന്നതു മാത്രമായിരുന്നു. എന്നാൽ, ഹതഭാഗ്യരായ ജൂതന്മാർ തിരുനബിയുടെ വിധി സ്വീകരിക്കാൻ തയ്യാറായില്ല. പകരം തങ്ങളുമായി സ്നേഹത്തിൽ വർത്തിക്കുന്ന ഔസ് ഗോത്രത്തിന്റെ തലവനായ സഅ്ദ് ബിൻ മുആദിന്റെ വിധി സ്വീകരിച്ചുകൊള്ളുന്നതാണെന്നവർ പറഞ്ഞു. അദ്ദേഹം നിർദ്ദേശിക്കുന്ന ഏത് ശിക്ഷയും അനുഭവിക്കാൻ അവർ തയ്യാറായി. ജൂതന്മാർ പരസ്പരം പഴിച്ചു തുടങ്ങി. മുസ്‌ലിമീങ്ങളുമായുള്ള കരാർ തങ്ങളുടെ ആൾക്കാർ ലംഘിക്കുകയുണ്ടായിട്ടുണ്ടെന്നു ചിലർ ഏറ്റു പറഞ്ഞു. നേരെ മറിച്ച്, മുസ്‌ലിമീങ്ങളുടെ പെരുമാറ്റം അവർ സത്യസന്ധരും വിശ്വസ്തരുമാണെന്നും അവരുടെ മതം സത്യമാണെന്നും തെളിയിച്ചിരിക്കുന്നുവെന്നും അവർ അഭിപ്രായപ്പെട്ടു. അങ്ങനെ അഭിപ്രായപ്പെട്ടവർ ഇസ്‌ലാം മതമാശ്ലേഷിക്കാൻ സന്നദ്ധരുമായി. യഹൂദത്തലവന്മാരിൽ ഒരാളായ അംറ് ബിൻ സുഅ്ദാ സ്വജനത്തെ ശകാരിക്കാൻ പോലും മടിച്ചില്ല. അദ്ദേഹം പറഞ്ഞു: നിങ്ങൾ വിശ്വാസവഞ്ചനയാണ് പ്രവർത്തിച്ചത്. "നിങ്ങൾ പ്രതിജ്ഞയ്ക്ക് വിപരീതം ചെയ്തു. ഇനി ഇസ്‌ലാംമതമാശ്ലേഷിക്കുകയോ

ജിസ്യ നൽകാൻ തയ്യാറാകയോ അല്ലാതെ നിങ്ങൾക്കൊരു രക്ഷയും ഇല്ല!" യഹൂദികൾ പറഞ്ഞു: "ഞങ്ങൾ ഇസ്‌ലാംമതമാശ്ലേഷിക്കുകയില്ല. ജിസ്യ കൊടുക്കുകയുമില്ല. ജിസ്യ കൊടുക്കുന്നതിലും ഭേദം മരണം വരിക്കുകയാണ്." അങ്ങനെയാണെങ്കിൽ, അവരുടെ കുറ്റത്തിൽ താൻ പങ്കാളിയല്ലെന്ന് അംറ് മറുപടി നൽകി. അതും പറഞ്ഞ് അദ്ദേഹം കോട്ടയിൽനിന്നു പുറത്തു വന്നു. ഒരു മുസ്‌ലിംസൈന്യവിഭാഗത്തിന്റെ കമാൻഡർ ആയിരുന്ന മുഹമ്മദ് ബിൻ മസ്‌ലമയുടെ കണ്ണിലദ്ദേഹം പെട്ടു. അദ്ദേഹം ആരാണെന്നു ആ മുസ്‌ലിം സൈന്യാധിപൻ ചോദിക്കുകയുണ്ടായി. ആളെ തിരിച്ചറിഞ്ഞപ്പോൾ വേഗം പോയ്ക്കൊള്ളാൻ അനുവാദം നൽകുകയും അതോടൊപ്പം ഇപ്രകാരം ഉറക്കെ പ്രാർഥിക്കുകയും ചെയ്തു: അല്ലാഹുമ്മ തഹ്‌രിം നീ ഇഖാലത്ത അഥറാത്തിൽ കാറാമി "മാന്യമാരുടെ തെറ്റുകൾ മറച്ചു വെക്കാൻ എനിയ്ക്കു നീ ശക്തിയേകണേ ദൈവമേ!" പ്രസ്തുത യഹൂദൻ സ്വജനത്തിന്റെ ചെയ്തിയിൽ വെറുപ്പും ഖേദവും പ്രകടിപ്പിച്ചിരുന്നുവെന്നും അത്തരക്കാർക്ക് പൊറുത്തു കൊടുക്കേണ്ടതു മുസ്‌ലിമീങ്ങളുടെ ധർമമാണെന്നുമത്രെ അദ്ദേഹം സൂചിപ്പിച്ചത്. അദ്ദേഹത്തെ കടന്നു പോകാനനുവദിച്ചുകൊണ്ടു താൻ ഒരു നല്ല കാര്യമാണ് ചെയ്തത്. അങ്ങനെയുള്ള നന്മ ചെയ്യാൻ ഇനിയുമിനിയും തനിക്കു ശക്തിയേകേണമേ എന്നദ്ദേഹം പ്രാർഥിക്കുകയും ചെയ്തു. മുഹമ്മദ് ബിൻ മസ്‌ലമയുടെ ഈ പ്രവൃത്തി തിരുനബി(സ) അറിയാനിടവന്നുവെങ്കിലും തിരുനബി അദ്ദേഹത്തെ പഴിക്കുകയല്ല ചെയതത്. മറിച്ച്, അദ്ദേഹത്തിന്റെ പ്രവൃത്തി അംഗീകരിക്കുകയാണുണ്ടായത്.

"ഇത്.......വ്യക്തിഗതമായ സംഭവങ്ങളായിരുന്നു. ബനൂ ഖുറയ്ളാ ഒരു സമുദായമെന്ന നിലയിൽ അവർ അധൃഷ്യതഭാവിക്കുകയും തിരുനബിയുടെ വിധി സ്വീകരിക്കാൻ കൂട്ടാക്കാതിരിക്കുകയും സഅ്ദ് ബിൻ മുആദ് വിധി നൽകണമെന്നു നിർബന്ധം പിടിക്കുകയുമാണുണ്ടായത്. തിരുനബി(സ) അവരുടെ ആവശ്യം വകവെച്ചു കൊടുക്കുകയും തദവസരത്തിൽ മുറിവേറ്റു കിടക്കുകയായിരുന്ന സഅ്ദ് ബിൻ മുആദിനെ ആളയച്ചു വരുത്തുകയും ചെയ്തു. ജൂതന്മാരുടെ വാഗ്ദത്തലംഘനത്തിന്റെ കാര്യത്തിൽ ഒരു തീർപ്പുണ്ടാക്കുന്നതിനു അദ്ദേഹത്തോടു തിരുനബി(സ) ആവശ്യപ്പെട്ടു. തിരുനബിയുടെ തീരുമാനം പ്രഖ്യാപിക്കപ്പെട്ടതോടെ ബനൂഖുറയ്ളായുമായി സ്നേഹബന്ധത്തിലായിരുന്ന ഔസ് ഗോത്രക്കാർ സഅ്ദ് ബിൻ മുആദിന്റെ അടുക്കൽ ഓടിച്ചെല്ലുകയും ബനൂഖുറയ്ളായ്ക്കനുകൂലമായി വിധി നൽകുന്നതിനു നിർബന്ധം ചെലുത്തുകയുമുണ്ടായി. ഖസ്‌റജ്, ഗോത്രക്കാർ അവരോടുകൂടിച്ചേർന്ന ജൂതന്മാരെ എല്ലായ്പ്പോഴും രക്ഷിച്ചു പോന്നിട്ടുണ്ട്. ആകയാൽ, തന്റെ ഗോത്രവുമായി സ്നേഹബന്ധത്തിൽ കഴിയുന്ന ജൂതന്മാരെ രക്ഷിക്കുക സഅ്ദിന്റെ ധർമമാണ്. സഅ്ദ് ഒരൊട്ടകപ്പുറത്തേറി ബനൂഖുറയ്ളായുടെ അടുക്കലേക്കു സവാരി ചെയ്തു. ബനൂഖുറയ്ളായെ ശിക്ഷിക്കാതിരിക്കാൻ നിർബന്ധപൂർവമായ അപേക്ഷകളുമായി സഅ്ദിന്റെ സ്വന്തം ഗോത്രത്തിലെ ആളുകൾ ഇരുപുറവും അദ്ദേഹത്തെ അനുയാത്ര ചെയ്തുകൊണ്ടിരുന്നു. ഒരു വിധികർത്താവ് വിശ്വസ്തനായ ഒരു സൂക്ഷിപ്പുകാരനാണെന്നും സത്യസന്ധമായും ആർജവത്തോടുകൂടിയും അയാൾക്ക് തന്റെ കടമ നിർവഹിക്കേണ്ടതുണ്ടെന്നും മാത്രമദ്ദേഹം അവർക്കു മറുപടി നൽകി. "എല്ലാ കാര്യങ്ങളും പരിഗണിച്ച ശേഷം ഭയമോ പക്ഷപാതമോ കാണിക്കാതെ ഞാനെന്റെ വിധി പറയും" എന്നദ്ദേഹം പ്രസ്താവിച്ചു.

ജൂതന്മാരുടെ രക്ഷാനിലയത്തിലെത്തിയപ്പോൾ അവരെല്ലാം കോട്ടയുടെ ഭിത്തിക്കടുപ്പിച്ചു അണിനിരന്നിരിക്കുന്നതായി സഅദ് കണ്ടു. മറുഭാഗത്തു, മുസ്‌ലിമീങ്ങളുമുണ്ടായിരുന്നു. വളരെ അടുത്തെത്തിയപ്പോൾ സഅ്ദ് അവരോടു ചോദിച്ചു: "നിങ്ങൾ എന്റെ വിധി സ്വീകരിക്കുമോ?" അവർ മറുപടി നൽകി: "ഉവ്വ്!" ബനൂഖുറയ്ളായുടെ നേരെ തിരിഞ്ഞുകൊണ്ടു സഅ്ദ് അതേ ചോദ്യം ആവർത്തിച്ചു. അവരും സമ്മതം പ്രകടിപ്പിച്ചു. പിന്നീടദ്ദേഹം വളരെ ലജ്ജാഭാരത്തോടെ തിരുനബി(സ) ഇരുന്നിരുന്ന ഭാഗത്തേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു ആ വിഭാഗവും തന്റെ വിധി സ്വീകരിക്കാൻ തയ്യാറാണോ എന്നു വിളിച്ചു ചോദിച്ചു. അതുകേട്ടപ്പോൾ 'അതെ' എന്നു തിരുനബി(സ) മറുപടി നൽകി. തദനന്തരം സഅ്ദ് വേദകല്പന പ്രകാരമുള്ള ഒരു വിധി പ്രഖ്യാപിച്ചു. ബൈബിൾ പഴയ നിയമത്തിൽ ഇപ്രകാരമാണ് പറയുന്നത്:

"നീ ഒരു പട്ടണത്തിന്റെ അരികെ അതിനോടു യുദ്ധം ചെയ്യുന്നതിനു സമീപിക്കുമ്പോൾ സമാധാനം എന്നു നീ അതിനോടു വിളിച്ചു പറയണം. എന്നാൽ, അതു സമാധാനം എന്നു നിനക്ക് ഉത്തരം തന്നു നിനക്ക് തുറന്നാൽ അതിൽ കണ്ടെത്തപ്പെടുന്ന ജനങ്ങൾ എല്ലാവരും നിനക്കു കപ്പം തരുവാനായി നിന്നെ സേവിക്കണം. എന്നാലും അതു നിന്നോടു സമാധാനം ചെയ്യാതെ എന്നോട് യുദ്ധം ചെയ്യുന്നുവെങ്കിൽ നീ അതിനെ നിരോധിക്കണം. നിന്റെ ദൈവമായ യഹോവ അതിനെ നിന്റെ കൈയിലേക്ക് ഏൽപിച്ച ശേഷം നീ അതിലുള്ള പുരുഷപ്രജയെ ഒക്കെയും വാളിന്റെ മൂർച്ചയിൽ കൊല്ലണം, എന്നാലും സ്ത്രീകളെയും കുട്ടികളെയും നാൽക്കാലികളെയും പട്ടണത്തിലുള്ള സകലതിനെയും അതിന്റെ എല്ലാ കവർച്ചകളെയും നിനക്കു കൊള്ളയിടേണം. നിന്റെ ദൈവമായ യഹോവ നിനക്കു തന്നിട്ടുള്ള നിന്റെ ശത്രുക്കളുടെ കവർച്ചയെ നീ ഭക്ഷിക്കുകയും വേണം. ഈ ജാതികളുടെ പട്ടണങ്ങളിൽ ശ്വാസമുള്ള ഒന്നിനെയും ജീവനോടെ വെക്കാതെ അവരെ, ഹിത്തായക്കാരെയും ഹിവായക്കാരെയും യബൂസിയക്കാരെയും തന്നെ നിന്റെ ദൈവമായ യഹോവ നിന്നോടു കൽപിച്ച പ്രകാരം അശേഷം നശിപ്പിക്കണം. അവർ തങ്ങളുടെ ദൈവങ്ങൾക്കു ചെയ്തിട്ടുള്ള തങ്ങളുടെ സകല വെറുപ്പുകളിൻ പ്രകാരവും ചെയ്‌വാൻ അവർ നിങ്ങളെ പഠിപ്പിക്കാതെയും നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവായ്ക്കു വിരോധമായി പാപം ചെയ്യാതെയും ഇരിക്കേണ്ടതിനു തന്നെ" (ആവർത്തനം 20:10–18).

ജൂതന്മാർ ജയിക്കുകയും തിരുനബി(സ) പരാജയപ്പെടുകയുമാണുണ്ടായതെങ്കിൽ ബൈബിളിന്റെ ഈ പാഠമനുസരിച്ച് എല്ലാ മുസ്‌ലിമീങ്ങളും – ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളുമെല്ലാം– വധിക്കപ്പെടുമായിരുന്നു. ഇതായിരുന്നു ജൂതന്മാരുടെ ഉദ്ദേശ്യം എന്നത്രെ ചരിത്രത്തിൽനിന്നു നമുക്കറിയാൻ കഴിയുന്നത്. എല്ലാ പുരുഷന്മാരെയും കൊല്ലുകയും സ്ത്രീകളെയും കുട്ടികളെയുമെല്ലാം അടിമകളാക്കുകയും മുസ്‌ലിമീങ്ങളുടെ സ്വത്തുക്കളെല്ലാം കവർന്നെടുക്കുകയും ചെയ്യുമെന്നതു തീർച്ചയായിരുന്നു. എന്തെന്നാൽ ലോകത്തെങ്ങുമുള്ള ശത്രുജനതകളുടെ നേരെ അനുവർത്തിക്കപ്പെടുന്നതിനു 'ആവർത്തനം' അവർക്ക് നൽകിയിട്ടുള്ള പാഠമാണിത്. സഅ്ദ് ബനൂ ഖുറയ്ളായോടു മമതയിൽ വർത്തിക്കുന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ ഗോത്രം ഈ ജൂത ഗോത്രവുമായി സഖ്യത്തിലുമായിരുന്നു. ജൂതൻന്മാർ തിരുനബിയുടെ വിധി സ്വീകരിക്കാൻ കൂട്ടാക്കിയില്ലെന്നും ഇത്തരം കുറ്റങ്ങൾക്ക് ഇസ്‌ലാം നിർദ്ദേശിച്ച താരതമേന്യ ചെറുതായുള്ള ശിക്ഷയേൽക്കാൻ വിസമ്മതിച്ചുവെന്നും അറിഞ്ഞപ്പോൾ മോശെ ജൂതന്മാർക്ക് വിധിച്ചിട്ടുള്ള ശിക്ഷതന്നെ പാസ്സാക്കാൻ സഅ്ദ് തീർച്ചയാക്കി. ഈ വിധിയുടെ ഉത്തരവാദിത്വം തിരുനബിക്കോ മുസ്‌ലിമീങ്ങൾക്കോ അല്ല ഉള്ളത്. മറിച്ച്, മോശെയുടെ പാഠങ്ങൾക്കും മുസ്‌ലിമീങ്ങളുടെ നേരെ ക്രൂരത കാണിച്ച ജൂതന്മാർക്കും തന്നെയാണ്. ദാക്ഷിണ്യപൂർണ്ണമായ ഒരു ശിക്ഷ അവർക്ക് നൽകപ്പെടുമായിരുന്നത് അവർതന്നെ തട്ടിയകറ്റിക്കൊണ്ട് സഅ്ദിന്റെ വിധിയ്ക്കായിട്ടു നിർബന്ധം പിടിച്ചു. മോശെയുടെ നിയമപ്രകാരമാണ് ജൂതന്മാരെ ശിക്ഷിക്കുവാൻ സഅ്ദ് തീരുമാനിച്ചത്. എന്നിട്ടും തിരുനബി(സ) ജൂതന്മാരോടു ക്രൂരമായിട്ടാണ് പെരുമാറിയതെന്നാക്ഷേപിച്ചുകൊണ്ട് ആ പുണ്യാത്മാവിനെതിരായി അപവാദം പരത്താൻ ക്രിസ്ത്യാനികൾ ഇന്നും ശ്രമിച്ചു വരികയാണ്. തിരുനബി(സ) അപ്രകാരം ജൂതന്മാരോടു ക്രൂരനായിരുന്നെങ്കിൽ മറ്റു ജാതിക്കാരോടു മറ്റവസരങ്ങളിൽ ക്രൂരത കാണിക്കാതിരുന്നതെന്തേ? ശത്രുക്കൾ തിരുനബിയുടെ ദയാദാക്ഷിണ്യത്തിനു വിധേയരായിത്തീർന്ന ഒട്ടേറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മാപ്പിനായി അപേക്ഷിച്ചിരുന്നപ്പോഴൊന്നും അവർക്കതു നിഷേധിക്കപ്പെട്ടിരുന്നുമില്ല. ഇത്തവണയാകട്ടെ തിരുനബി(സ)യുടെ വിധിക്കു പകരം മറ്റൊരാളുടെ വിധിക്കുവേണ്ടി ശത്രു നിർബന്ധം പിടിക്കുകയാണുണ്ടായത്. ജൂതന്മാരുടെ ഈ നിർദ്ദിഷ്ട വിധി കർത്താവ്, അവർക്കും മുസ്‌ലിമീങ്ങൾക്കും ഇടയിൽ ഒരു മധ്യസ്ഥനായിരുന്നതുകൊണ്ടും തന്റെ വിധി സ്വീകരിക്കാൻ തയ്യാറാണോ എന്നു ഇരുകൂട്ടരോടും പരസ്യമായി ചോദിച്ചിട്ടുമുണ്ടായിരുന്നു. ഇരുവിഭാഗവും സമ്മതിച്ചതിനു ശേഷമാണ് അദ്ദേഹം തന്റെ വിധി പ്രഖ്യാപിക്കാൻ മുതിർന്നത്. ആ വിധിയെന്തായിരുന്നു? മോശെയുടെ കൽപനപ്രകാരമുള്ള ശിക്ഷ നൽകണമെന്നു മാത്രവും! പിന്നെ അവർക്കതു സ്വീകാര്യമാകാതിരിക്കാൻ കാരണമില്ല. അവർ മോശെയുടെ അനുയായികളായിരുന്നില്ലേ? ഇവിടെ ക്രൂരത കാണിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് ജൂതന്മാർ ജൂതന്മാരോടുതന്നെ കാണിച്ചിട്ടുള്ളതത്രെ! ജൂതന്മാർ തിരുനബി(സ)യുടെ വിധി സ്വീകരിക്കാൻ ഇഷ്ടപ്പെടാതെ തങ്ങൾ ചെയ്ത കുറ്റത്തിനു മോശെ വിധിച്ച ശിക്ഷതന്നെ ലഭിക്കണമെന്നാശിച്ചു. ഇതിൽ ക്രൂരതയുണ്ടെങ്കിൽ, ഉപരോധം ചെയ്ത ശത്രുവിനെതിരായി നടപ്പാക്കാൻവേണ്ടി ഈ ശിക്ഷാനിയമം ദൈവകല്പന പ്രകാരം തന്റെ ദിവ്യഗ്രന്ഥത്തിലുൾക്കൊള്ളിച്ച മോശെയാണ് അതിനുത്തരവാദി. ആകയാൽ, ക്രിസ്തീയ ചരിത്രകാരന്മാർ ഇസ്‌ലാമിന്റെ പ്രവാചകനെതിരിൽ തങ്ങളുടെ വിദ്വേഷവിഷം വമിക്കേണ്ടതില്ല. ഈ ക്രൂരമായ ശിക്ഷ നിർദ്ദേശിച്ച മോശെ തന്നെയോ അപ്രകാരം നിർദ്ദേശിക്കാൻ മോശെയോട് കൽപിച്ച ദൈവത്തെയോ അല്ലേ അവരതിനു കുറ്റപ്പെടുത്തേണ്ടത്!

കിടങ്ങുയുദ്ധം അവസാനിച്ചപ്പോൾ 'മുശ്‌രിക്കു'കൾ മേലിലൊരിക്കലും മുസ്‌ലിമീങ്ങളെ ആക്രമിക്കുകയില്ലെന്നു തിരുനബി(സ) പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ, മുശ്‌രിക്കുകളുടെ നേരെ മുസ്‌ലിം പ്രത്യാക്രമണങ്ങൾ ഉണ്ടാവും. കാറ്റ് മറിച്ച് വീശിത്തുടങ്ങിയിരിക്കുന്നു! ഇതേവരെ അകാരണമായി തങ്ങളെ ആക്രമിക്കുകയും സൈര്യം കെടുത്തുകയും ചെയ്തുപോന്ന ഗോത്രങ്ങളുടെയും വിഭാഗങ്ങളുടെയും നേരെ മുസ്‌ലിമീങ്ങൾ ഇനിയങ്ങോട്ട് പ്രത്യാക്രമണം നടത്തുവാൻ പോകയാണ്. നബി പറഞ്ഞതു പൊള്ളയായ ഭീഷണിയൊന്നുമായിരുന്നില്ല. കിടങ്ങു

യുദ്ധത്തിൽ അറബ് ഐക്യപ്പടക്ക് ഗണ്യമായ നഷ്ടങ്ങളൊന്നും പറ്റിയിരുന്നില്ല. അവിടെ കുറച്ചാളുകൾ മാത്രം കൊല്ലപ്പെട്ടിട്ടുണ്ടായിരുന്നു. ഒരു കൊല്ലത്തിനകം കൂടുതൽ ഒരുക്കങ്ങളോടെ വീണ്ടും മദീനക്കുനേരെ ആക്രമണം സംഘടിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞേക്കും. ഇരുപതിനായിരത്തിനു പകരം നാൽപതിനായിരമോ അമ്പതിനായിരമോ പേരടങ്ങിയ ഒരു സൈന്യവ്യൂഹത്തെ ഒരാക്രമണത്തിനുവണ്ടി ഒരുക്കുവാൻ അവർക്കൊരു പ്രയാസവുമുണ്ടായിരുന്നില്ല. ഒരു ലക്ഷംപേരെ അണി നിരത്തുവാൻതന്നെ കഴിഞ്ഞേക്കും. ഇരുപത്തൊന്നു കൊല്ലമായിട്ട് ഇസ്‌ലാമിനെ നശിപ്പിക്കാനായി ശത്രുക്കൾ പരമാവധി പരിശ്രമിച്ചുകൊണ്ടിരുന്നിട്ടും അവരുടെ എല്ലാ ആസൂത്രണങ്ങളും തുടർച്ചയായി പരാജയപ്പെടുകയാണ് ചെയ്തിട്ടുള്ളത്. അതുകാരണം അവർക്ക് ആത്മവിശ്വാസം നഷ്ടപ്പെട്ടു തുടങ്ങിയിരുന്നു. തിരുനബി(സ) പഠിപ്പിച്ചതെന്തോ അതു സത്യമായിരിക്കുമെന്നും തങ്ങളുടെ ദേശീയ ദൈവങ്ങളും പ്രതിഷ്ഠകളുമെല്ലാം കേവലം വ്യാജങ്ങളാണെന്നും നബി(സ) പഠിപ്പിച്ചതുപോലെ അദൃശ്യനായ ആ ഏകദൈവം തന്നെയാണ് തങ്ങളുടെ സ്രഷ്ടാവെന്നുമെല്ലാം അവർ സംശയിച്ചു തുടങ്ങി. നബി ചൊവ്വായ മാർഗ്ഗത്തിലും തങ്ങൾ വഴികേടിലും ആണോ എന്ന ഭയം അവരുടെ അകത്തടങ്ങളിൽ അരിച്ചു കയറി. എന്നാലും അവിശ്വാസികൾ ഈ ഭയമൊന്നും പുറമെ കാണിച്ചില്ല. അവർ കാര്യാദികളെല്ലാം സാധാരണ പോലെ മുറക്ക് നടത്തിപ്പോന്നു. വിഗ്രഹങ്ങളെ തൊഴുതു വന്ദിക്കുകയും അവയ്ക്ക് അർച്ചനകൾ നടത്തുകയും ചെയ്തു. തങ്ങളുടെ ദൈവങ്ങളോടുതന്നെ അവർ പ്രാർഥിച്ചുകൊണ്ടിരുന്നു. പക്ഷേ, അവരുടെ വീര്യം കെട്ടുപോയിരുന്നു. പുറമെ അവർ ബിംബാരാധകരും ബഹുദൈവവിശ്വാസികളുമായി ജീവിച്ചു. എന്നാൽ, അകത്ത്, അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനി ല്ല എന്ന ഇസ്‌ലാമിക മന്ത്രം അവർ ഉരുവിട്ടുകൊണ്ടിരിക്കുകയായിരുന്നു.'(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 282–287)

ഹദ്റത്ത് അബൂസയീദ് ഖുദ്രീ(റ) നിവേദനം: 'സഅ്ദ് ബിൻ മുആദിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബനൂ ഖുറയ്ളക്കാർ അവരുടെ കോട്ടകളിൽനിന്ന് ഇറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ അടുക്കലേക്ക് ഒരാളെ നിയോഗിച്ചു. അങ്ങനെ അദ്ദേഹം ഒരു കഴുതപ്പുറത്തുവന്നു. അദ്ദേഹം അടുത്തെത്തിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളുടെ നേതാവിനെ സ്വീകരിക്കാൻ നിങ്ങൾ എഴുന്നേറ്റു പുറപ്പെടുക. അദ്ദേഹം വന്നു നബി(സ)തിരുമേനിയുടെ അടുത്തു ഉപവിഷ്ഠനായി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: ഇവർ താങ്കളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടകളിൽനിന്ന് പുറത്തുവന്നിരിക്കുന്നു. അദ്ദേഹം പറഞ്ഞു: അവരിലെ യോദ്ധാക്കന്മാരെ വധിക്കുവാനും സ്ത്രീകളേയും കുട്ടികളേയും ബന്ദികളാക്കുവാനും ഞാൻ വിധിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഒരു രാജാവിന്റെ വിധിയാണ് നീ അവരിൽ വിധിച്ചിരിക്കുന്നത്.' ഇതു ബുഖാരിയിൽ വന്നിട്ടുള്ള നിവേദനമാണ്.(സ്വഹീഹുൽബുഖാരി കിതാബുൽ മനാഖിബുൽഅൻസ്വാർ, ബാബ് മനാഖിബ് സഅ്ദ് ബിൻ മുആദ് ഹദീഥ് 3804)

ഇതിലെ ചില കൂടുതൽ കാര്യങ്ങൾ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിച്ചിട്ടുണ്ട്. കുറച്ചു കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞുതരാം. അദ്ദേഹം എഴുതുന്നു: അവസാനം ഏകദേശം മുപ്പത്(ഇരുപത്)ദിവസം ഉപരോധത്തിനുശേഷം ഈ ദുഷ്ടന്മാരായ യഹൂദികൾ ഒരാളെ വിധികർത്താവായി അംഗീകരിച്ച് തങ്ങളുടെ കോട്ടകളിൽനിന്ന് പുറത്തിറങ്ങാൻ സമ്മതിച്ചു. അദ്ദേഹം അവരുടെ സഖ്യകക്ഷിയിൽപ്പെട്ട ആളായിരുന്നിട്ടും അവരുടെ ചെയ്തികൾ കാരണത്താൽ തന്റെ മനസ്സിൽ അവരോടു ഒരു ദയയും കണ്ടിരുന്നില്ല. അദ്ദേഹം ന്യായത്തിന്റേയും നീതിയുടേയും ശരീരധാരിയായിരുന്നു. എന്നാൽ, അയാളുടെ മനസ്സിൽ റഹ്മത്തുൻല്ലിൽആലമീനെപ്പോലുള്ള ദയയും അലിവുമുണ്ടായിരുന്നില്ല. ഇതിന്റെ സംഗ്രഹം ഇങ്ങനെയാണ്. ഔസ് ഗോത്രം, ബനൂഖുറയ്ളായുടെ മുമ്പേയുള്ള സഖ്യകക്ഷിയായിരുന്നു. അക്കാലഘട്ടത്തിൽ ഈ ഗോത്രത്തിന്റെ നേതാവ് സഅ്ദ് ബിൻ മുആദായിരുന്നു. അദ്ദേഹം ഖൻ ദഖ് യുദ്ധത്തിൽ പരിക്കേറ്റ് മസ്ജിദിന്റെ അങ്കണത്തിൽ ചികിത്സയിലായിരുന്നു. ഈ പണ്ടേയുള്ള ബന്ധം വിചാരിച്ച് ബനൂഖുറയ്ളാ പറഞ്ഞു: ഞങ്ങൾ സഅ്ദ് ബിൻ മുആദിനെ ഞങ്ങളുടെ വിധികർത്താവായി സമ്മതിക്കുന്നു. ഞങ്ങളെ സംബന്ധിച്ച് അദ്ദേഹം എന്തു തീരുമാനമെടുത്താലും ഞങ്ങൾക്കത് സമ്മതമായിരിക്കും. പക്ഷേ, തങ്ങളുടെ(മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ) ഈ സാമൂഹികമായ തീരുമാനം ശരിയായി കരുതാത്തവരും തങ്ങളെ കുറ്റവാളികളെന്ന് ദൃഢമായും വിശ്വസിക്കുകയും മനസ്സുകൊണ്ട് ഇസ്‌ലാമിന്റെ സത്യസാക്ഷ്യം അംഗീകരിക്കുകയും ചെയ്തിരുന്ന കുറച്ചാളുകൾ യഹൂദികളിലുണ്ടായിരുന്നു. അത്തരം ആളുകളിൽപ്പെട്ട ചിലർ അവരുടെ എണ്ണം ചരിത്രനിവേദനങ്ങളിൽ മൂന്നാണെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു, നല്ലതിനുവേണ്ടി സന്തോഷത്തോടെ ഇസ്‌ലാം സ്വീകരിച്ച് നബി(സ)തിരുമേനിയുടെ അനുസരണവൃത്തത്തിൽ പ്രവേശിച്ചു. മറ്റൊരാൾ ഉണ്ടായിരുന്നു, അയാൾ മുസ്‌ലിമായിരുന്നില്ല. എന്നാൽ, അയാൾ തന്റെ ജനതയുടെ വിശ്വാസ വഞ്ചനയിൽ എത്രമാത്രം ലജ്ജിതനായെന്നാൽ, ബനൂ ഖുറയ്ളാ നബി(സ)തിരുമേനിയോടു യുദ്ധം ചെയ്യാൻ തീരുമാനിച്ചപ്പോൾ, എന്റെ ജനത മുഹമ്മദിനോടു കടുത്ത വഞ്ചനയാണ് കാണിച്ചതെന്നും താൻ ഈ വഞ്ചനയിൽ പങ്കാളിയല്ലെന്നും പറഞ്ഞ് മദീന വിട്ട് എവിടയോ പൊയ്കളഞ്ഞു. എന്നാൽ, മറ്റുള്ളവർ തങ്ങളുടെ ശാഠ്യത്തിൽ നിലകൊള്ളുകയും ചെയ്തു. സഅ്ദിനെ തങ്ങളുടെ മധ്യസ്ഥനാക്കണമെന്ന് നിർബന്ധിച്ചു. നബി(സ)തിരുമേനിയും അതംഗീകരിച്ചു. (പറഞ്ഞു കഴിഞ്ഞതുപോലെ) അതിനുശേഷം നബി(സ)തിരുമേനി കുറച്ചു അൻസ്വാരി സ്വഹാബിമാരെ സഅ്ദിനെ കൊണ്ടുവരുന്നതിനുവേണ്ടി അയച്ചു. സഅ്ദ് വന്നു. വഴിയിൽവെച്ച് അദ്ദേഹത്തിന്റെ ഗോത്രത്തിൽപ്പെട്ട ചിലയാളുകൾ ഖുറയ്ള തങ്ങളുടെ സഖ്യകക്ഷിയാണെന്നും അതുകൊണ്ട് അവരെ പരിഗണിക്കണമെന്നും നിർബന്ധിക്കുകയും ആവർത്തിച്ച് അപേക്ഷിക്കുകയും ചെയ്തു. ഖസ്റജ് ഗോത്രം തങ്ങളുടെ സഖ്യകക്ഷിയായ ബനൂഖയ്നഖായോടു മൃദു സമീപനം കൈക്കൊണ്ടതുപോലെ താങ്കളും ഖുറയ്ളുടെ കാര്യം പരിഗണിക്കണെമെന്നും അവർക്ക് കഠിനമായ ശിക്ഷ നല്കരുതെന്നും അപേക്ഷിച്ചു. സഅ്ദ് ബിൻ മുആദ് അവരുടെ കാര്യങ്ങൾ നിശബ്ദമായി കേട്ടുകൊണ്ടിരുന്നു. പക്ഷേ, അവരിൽനിന്ന് കൂടുതൽ നിർബന്ധമുണ്ടാകാൻ തുടങ്ങിയപ്പോൾ സഅ്ദ് പറഞ്ഞു: 'സത്യത്തിന്റേയും നീതിയുടേയും കാര്യത്തിൽ ഏതെങ്കിലും ശകാരിക്കുന്നവന്റെ ശകാരത്തെ സഅ്ദ് വകവെക്കുന്ന നേരമല്ല ഇത്.' ഈ മറുപടി കേട്ടതോടെ ആളുകൾ നിശബ്ദരായി.

എന്തായാലും സഅ്ദ്(റ), നബി(സ)തിരുമേനിയുടെ അടുത്തെത്തിയപ്പോൾ അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു: 'നിങ്ങളുടെ നേതാവിനുവേണ്ടി എഴുന്നേല്ക്കുക. അദ്ദേഹത്തെ യാത്രാവാഹനത്തിൽ നിന്നിറങ്ങാൻ സഹായിക്കുക.' സഅ്ദ്(റ) യാത്രാവാഹനത്തിൽനിന്ന് ഇറങ്ങിയപ്പോൾ നബി(സ)തിരുമേനിയുടെ അടുത്തേക്ക് നീങ്ങി. ഹദ്റത്ത് സഅ്ദ്, നബി(സ)തിരുമേനിയുടെ അടുത്തെത്തിയപ്പേൾ അവിടന്ന് അദ്ദേഹത്തോടു പറഞ്ഞു: സഅ്ദേ! ബനൂ ഖുറയ്ള താങ്കളെ വിധികർത്താവായി സമ്മതിച്ചിരിക്കുകയാണ്. അവരെ സംബന്ധിച്ച് താങ്കൾ എന്തു വിധിച്ചാലും അവർ അംഗീകരിക്കും. അപ്പോൾ സഅ്ദ് തന്റെ ഗോത്രമായ ഔസിലെ ആളുകളിലേക്ക് ദൃഷ്ടി ഉയർത്തിക്കൊണ്ടു പറഞ്ഞു, നിങ്ങൾ അല്ലാഹുവിനെ എല്ലായിടത്തും ഹാജരുള്ളവനും എല്ലാം കാണുന്നവനുമെന്നു മനസ്സിലാക്കി എന്തുവന്നാലും ബനൂ ഖുറയ്ളായെ സംബന്ധിച്ച് ഞാനെടുക്കുന്ന ഏതു തീരുമാനവുമനുസരിച്ച് പ്രവൃത്തിക്കുമെന്ന് നിങ്ങൾ ശക്തമായി പ്രതിജ്ഞ ചെയ്യുന്നുണ്ടോ? ആളുകൾ പറഞ്ഞു: 'അതേ! ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.' മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് ഖലീഫത്തിൽ മസീഹ് ഥാനീ(റ) വിവരിച്ചതിലും പറഞ്ഞു കഴിഞ്ഞതാണിത്. എന്തായാലും സഅ്ദ്(റ), നബി(സ)തിരുമേനി ഇരുന്നിരുന്ന ഭാഗത്തേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു: ആ സാഹിബ്...(അദ്ദേഹം ഇങ്ങനെയാണ് ഇവിടെ എഴുതിയിട്ടുള്ളത്. ആ സാഹിബ്)ഇവിടെ ഇരുപ്പുണ്ട്, അദ്ദേഹവും ഇങ്ങനെ വാഗ്ദാനം ചെയ്യുന്നു. അദ്ദേഹവും എന്തായാലും എന്റെ വിധിയനുസരിച്ച് പ്രവൃത്തിക്കാൻ ബാധ്യസ്ഥനായിരിക്കും. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, ഞാൻ വാഗ്ദാനം ചെയ്യുന്നു.

ആ സത്യപ്രതിജ്ഞയ്ക്കുശേഷം സഅ്ദ്(റ) തന്റെ വിധി കേൾപ്പിച്ചു. അതിങ്ങനെയായിരുന്നു. ബനൂ ഖുറയ്ളായിലെ യോദ്ധാക്കളെയെല്ലാം വധിക്കുക. അവരിലെ സ്ത്രീകളേയും കുട്ടികളേയും തടവിലാക്കുക. അവരുടെ സ്വത്തുക്കൾ മുസ്‌ലിമീങ്ങളിൽ വിതരണം ചെയ്യുക. നബി(സ)തിരുമേനി ഈ വിധികേട്ടപ്പോൾ അനിയന്ത്രിതനായി പറഞ്ഞു, താങ്കളുടെ ഈ തീരുമാനം ഒരു ദൈവവിധിയാണ്. അത് മാറ്റപ്പെടുകയില്ല. ഈ വാക്കുകൾകൊണ്ട് അവിടന്ന് ഉദ്ദേശിച്ചത് ബനൂ ഖുറയ്ളായെ സംബന്ധിച്ചുള്ള ഈ വിധി ഏതു പരിതഃസ്ഥിതിയിലാണോ ഉണ്ടായിട്ടുള്ളത് അതിൽ വ്യക്തമായ നിലയിൽ ദൈവാധികാരം പ്രവൃത്തിച്ചതായി കാണാൻ കഴിയുന്നു. അതുകൊണ്ട് അവിടത്തെ കരുണാവികാരത്തിന് അതിനെ തടയാൻ കഴിയുകയില്ല. ഇത് യഥാർഥത്തിൽ ശരിയുമായിരുന്നു. കാരണം ബനൂഖുറയ്ള, അബൂലുബാബയെ കൂടിയാലോചനയ്ക്കായി വിളിച്ചതും അബൂലുബാബയുടെ വായിൽനിന്ന് തികച്ചും അടിസ്ഥാനരഹിതമായ കാര്യം പുറത്തുവന്നതും ഔസ് ഗോത്രത്തിലെ ആളുകൾ തങ്ങളുടെ സഖ്യകക്ഷിയാണെന്നും തങ്ങളോടു അവർ വിട്ടുവീഴ്ച ചെയ്യുമെന്ന് വിചാരിച്ച് നബി(സ)തിരുമേനിയുടെ വിധിയെ ബനുഖുറയ്ളാ നിരാകരിച്ചതും ഔസ് ഗോത്രത്തിന്റെ നേതാവായ സഅ്ദ് ബിൻ മുആദിനെ വിധികർത്താവായി നിശ്ചയിച്ചതും പിന്നീട് സത്യത്തിന്റേയും നീതിയുടേയും വഴിയിൽ പക്ഷപാതിത്വത്തിന്റേയും സാമൂഹികമായ ബന്ധത്തിന്റേയും ബോധം സഅ്ദിന്റെ മനസ്സിൽനിന്ന് തികച്ചും അപ്രത്യക്ഷമായതും അവസാനം തന്റെ വിധിക്കുമുമ്പേ നബി(സ)തിരുമേനിയിൽനിന്ന് വിധിയനുസരിച്ച് പ്രവർത്തിക്കുമെന്ന് ഉറച്ച തീരുമാനം എടുത്തതുമെല്ലാം

യാദൃച്ഛികമാകാൻ ഇടയില്ല. തീർച്ചയായും അദ്ദേഹത്തിന്റെ പിന്നിൽ ദൈവവിധി പ്രവൃത്തിക്കുകയായിരുന്നു. ഈ വിധി അല്ലാഹുവിന്റേതായിരുന്നു, സഅ്ദിന്റേതല്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ബനൂഖുറയ്ളായുടെ ഉടമ്പടി ലംഘനവും വഞ്ചനയും രാജ്യദ്രോഹവും കുഴപ്പങ്ങളും കലഹങ്ങളും കൊലപാതകങ്ങളും കാരണത്താൽ ദൈവ കോടതിയിൽനിന്ന് അവരിലെ യോദ്ധാക്കളെ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യുക എന്ന വിധി പുറപ്പെടുവിച്ചു കഴിഞ്ഞിരുന്നുവെന്നാണ് മനസ്സിലാകുന്നത്. നബി(സ)തിരുമേനിക്ക് ഈ യുദ്ധത്തെ സംബന്ധിച്ച് പ്രാരംഭത്തിൽ അദൃശ്യമായ ആഹ്വാനം ഉണ്ടായതും ഇതൊരു ദൈവവിധിയായിരുന്നുവെന്നാണ് പ്രകടിപ്പിക്കുന്നത്. എന്നാൽ, നബി(സ)തിരുമേനി മുഖേന ഈ വിധി പുറപ്പെടുവിക്കുന്നത് അല്ലാഹുവിന് സമ്മതമായിരുന്നില്ല. അതുകൊണ്ട് അവൻ അതിസൂക്ഷ്മമായ അദൃശ്യനിയന്ത്രണത്താൽ നബി(സ)തിരുമേനിയെ അതിൽനിന്ന് തികച്ചും മാറ്റിനിറുത്തി. സഅ്ദ് ബിൻ മുആദ് മുഖേന ഈ വിധി പുറപ്പെടുവിച്ചു. നബി(സ) തിരുമേനിക്ക് അതിൽ ഒന്നും ചെയ്യാൻ പറ്റാത്ത വിധത്തിലുള്ള രീതിയിലായിരുന്നു അത്. കാരണം താൻ തീർച്ചയായും വിധി പാലിക്കുമെന്ന് അവിടന്ന് വാഗ്ദാനം ചെയ്തു കഴിഞ്ഞിരുന്നു. പിന്നെ ഈ വിധി നബി(സ)തിരുമേനിയെ മാത്രം ബാധിക്കുന്നതായിരുന്നില്ല; മുസ്‌ലിമീങ്ങളേയും ബാധിക്കുന്നതായിരുന്നു. അതുകൊണ്ട് തന്റെ അഭിപ്രായത്താൽ അദ്ദേഹം എങ്ങനെയെങ്കിലും മാപ്പിലേക്കും ദയയിലേക്കും ചാഞ്ഞ് ഈ വിധി മാറ്റണമെന്നത് തന്റെ അവകാശമായി അവിടന്ന് മനസ്സിലാക്കിയില്ല. ഇതായിരുന്നു ദൈവികനിയന്ത്രണം. അതിന്റെ ശക്തിയുടെ ഫലമായി ആ മഹാത്മാവിന്റെ വായിൽനിന്ന് അനിയന്ത്രിതമായി ഈ വാക്കുകൾ പുറത്തുവന്നു. *ഖദ് ഹക്കംത്ത ബി ഹുക്മില്ലാഹി* സഅ്ദേ! താങ്കളുടെ ഈ വിധി ദൈവവിധിയാണെന്ന് മനസ്സിലാകുന്നു. അതിനെ തിരുത്താൻ ആർക്കും ശക്തിയില്ല.

ഈ വാക്കുകൾ പറഞ്ഞ് അവിടന്ന് നിശബ്ദനായി എഴുന്നേറ്റു. നഗരത്തിലേക്ക് പോയി. തന്നെ വിശ്വസിക്കണമെന്ന് താൻ ആഗ്രഹിച്ചിരുന്ന ഒരു ജനത അവരുടെ ദുർനടപടികൾ കാരണത്താൽ ഈമാൻ നിഷേധിക്കപ്പെട്ട് ദൈവകോപത്തിന്നിരയാകുന്നതിൽ അദ്ദേഹത്തിന്റെ മനസ്സ് വല്ലാതെ വേദനിച്ചു. ആ അവസരത്തിലാണ് നബി(സ) തിരുമേനി ഈ വാക്കുകൾ പറഞ്ഞതെന്ന് തോന്നുന്നു; 'യഹൂദികളിൽനിന്ന് തലയെടുപ്പുള്ള പത്തുപേർ തന്നെ വിശ്വസിച്ചിരുന്നുവെങ്കിൽ ഈ ജനത മുഴുവൻ തന്നെ വിശ്വസിക്കുകയും ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുമായിരുന്നുവെന്നായിരുന്നു എന്റെ പ്രതീക്ഷ.' എന്തായാലും അവിടെ നിന്നെഴുന്നേറ്റ് അവിടന്ന് കല്പിച്ചു: ബനൂ ഖുറയ്ളായിലെ പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും വെവ്വേറെ ആക്കുക. അങ്ങനെ ഇരുകൂട്ടരേയും വേർതിരിച്ച് മദീനയിൽകൊണ്ടുവന്നു. നഗരത്തിലെ രണ്ടു വെവ്വേറെ സ്ഥലങ്ങളിൽ അവരെ ഒരുമിച്ചുകൂട്ടി. വിശന്നിരുന്ന അവർക്കുവേണ്ടി നബി(സ)തിരുമേനിയുടെ കല്പനയോടെ സ്വഹാബത്ത് കൂനകൾ കണക്കെ പഴവർഗങ്ങൾ ലഭ്യമാക്കി. യഹൂദികൾ രാത്രി മുഴുവൻ പഴങ്ങൾ തിന്നുന്നതിൽ വ്യാപൃതരായിരുന്നുവെന്ന് എഴുതിയിരിക്കുന്നു. രണ്ടാം ദിവസം രാവിലെ സഅ്ദ് ബിൻ മുആദിന്റെ കല്പന നടത്തേണ്ടിയിരുന്നു. നബി(സ) തിരുമേനി ഈ ജോലി നടപ്പിൽവരുത്തുന്നതിന് കുറച്ചാളുകളെ നിശ്ചയിച്ചിരുന്നു. അവിടന്ന് തന്നെയും ആ സ്ഥലത്ത് തങ്ങി; തന്റെ എന്തെങ്കിലും നിർദേശം ആവശ്യം വന്നാൽ അതുടനെ നല്കുന്നതിനാണ് അവിടന്ന് അവിടെ തങ്ങിയത്. ഏതെങ്കിലും കുറ്റവാളിക്കുവേണ്ടി ദയാഹർജി സമർപ്പിക്കപ്പെട്ടാൽ അതിന്റെ തീരുമാനവും ഉടനെ ഉണ്ടാകുകയും വേണം. കാരണം സഅ്ദിന്റെ വിധിയുടെ അപ്പീൽ, കോടതിപരമായ നിലയിൽ നബിയുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുമായിരുന്നില്ല. എന്നാൽ, ഒരു രാജാവ് ജനാധിപത്യ രാജ്യത്തെ പ്രസിഡന്റ് എന്ന നിലയിൽ നബി(സ)തിരുമേനിക്ക് ഏതെങ്കിലും കുറ്റവാളിയെ സംബന്ധിച്ച് പ്രത്യേക കാരണത്തിന്റെ അടിസ്ഥാനത്തിൽ ദയാഹർജി തീർച്ചയായും കേൾക്കാമായിരുന്നു. എന്തായാലും അവിടന്ന് കരുണയുടെ തേട്ടമനുസരിച്ച് കല്പിച്ചു: കുറ്റവാളികളെ ഓരോരുത്തരായി വെവ്വേറെ വധിക്കുക. അതായത് ഒരാളെ വധിക്കുന്നത് മറ്റൊരു കുറ്റവാളി കാണരുത്. അങ്ങനെ സഅ്ദ് ബിൻ മുആദിന്റെ വിധിയനുസരിച്ച് ഓരോരുത്തരേയും വെവ്വേറെ വധിച്ച് ശിക്ഷ നടപ്പാക്കി.

ബനൂഖുറയ്ളായുടെ ഈ സംഭവം ഉദ്ധരിച്ച് ചില അമുസ്‌ലിം ചരിത്രകാരന്മാർ അങ്ങേയറ്റം മോശമായ നിലയിൽ നബി(സ)തിരുമേനിയുടെമേൽ ആക്രമണം നടത്തുന്നുണ്ട്; നടത്തിയിട്ടുണ്ട്. കുറഞ്ഞത് 400 യഹൂദികളുടെ ശിക്ഷ നടപ്പാക്കിയതിൽ ആ മഹാത്മാവിനെ അക്രമിയായും ദ്രോഹിയായും അവതരിപ്പിക്കുന്നു. പക്ഷേ, നമ്മുടെ ഗവേഷകർ നടത്തിയ ഗവേഷണത്തിൽ ആകെ ശിക്ഷക്കിരയായവർ 16, 17 പേരായിരുന്നു. എന്തായാലും ഇത് അന്വേഷിക്കേണ്ടതാണ്. ഇപ്പോഴും അതിൽ ഗവേഷണം നടത്താവുന്നതാണ്. ചിലർ നൂറുപേരെന്നും, ചിലർ നാന്നൂർ പേരെന്നും ചിലർ അതിനെക്കാൾ കൂടുതലെന്നും ചിലർ ആയിരമെന്നും ചിലർ തൊള്ളായിരമെന്നുമാണ് എഴുതിയിട്ടുള്ളത്. എന്തായാലും കൃത്യമായ കണക്കില്ല. അതുകൊണ്ടുതന്നെ ഇതു ചർച്ചയ്ക്കു വിധേയമാക്കാവുന്നതാണ്. എന്തായാലും ഇനി നാന്നൂറാണെങ്കിൽത്തന്നെയും ഈ ആക്ഷേപത്തിന്റെ അടിസ്ഥാനം മതപരമായ പക്ഷപാതിത്വമാണ്. ഇസ്‌ലാമിനേയും ഇസ്‌ലാംമത സ്ഥാപകരേയും സംബന്ധിച്ചിടത്തോളം വിദ്യാസമ്പന്നരായ ധാരാളം പാശ്ചാത്യചരിത്രകാരന്മാർക്കും ഈ ആക്ഷേപത്തിൽനിന്ന് മോചികരാകാൻ കഴിഞ്ഞിട്ടില്ല. ഇതേ ആക്ഷേപത്തെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഈ ആക്ഷേപത്തിന് മറുപടിയെന്നോണം ആദ്യം മനസ്സിലാക്കേണ്ടത് അക്രമപരമെന്ന് പറയപ്പെടുന്ന ബനൂഖുറയ്ളായെക്കുറിച്ചുള്ള ഈ വിധി ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റേതായിരുന്നു, അതൊരിക്കലും നബി(സ)തിരുമേനിയുടെ വിധിയായിരുന്നില്ല എന്നതാണ്. നബി(സ)തിരുമേനിയുടെ വിധിയല്ലെന്ന് വരുമ്പോൾ അക്കാരണത്താൽ ആ മഹാത്മാവിനെ ആക്ഷേപിക്കാൻ സാധിക്കുകയില്ല. രണ്ടാമതായി മനസ്സിലാക്കേണ്ടത്, അപ്പോഴത്തെ സാഹചര്യംവച്ചു നോക്കുമ്പോൾ ആ വിധി ഒരിക്കലും അക്രമപരമായിരുന്നില്ല എന്നതാണ്. മൂന്നാമതായി, വിധി പ്രഖ്യാപിക്കുന്നതിനുമുമ്പേ സഅ്ദ് വാങ്ങിയ പ്രതിജ്ഞ പാലിക്കാൻ നബി(സ)തിരുമേനി ബാധ്യസ്ഥനായിരുന്നു. അത് തീർച്ചയായും പ്രാവർത്തികമാക്കേണ്ടതായിരുന്നു. നാലാമതായി, കുറ്റവാളികൾ സ്വയം ആ വിധി അംഗീകരിച്ചതാണ്. അവർക്ക് ഒരുവിധ ആക്ഷേപവുമുണ്ടായിരുന്നില്ല. മറിച്ച് അവർ അതിനെ ഒരു ദൈവവിധിയായിട്ടാണ് മനസ്സിലാക്കിയത്. ഈ പരിതഃസ്ഥിതിയിൽ അനാവശ്യമായി അതിൽ ഇടപെടുക എന്നത് ആ മഹാത്മാവിന്റെ ജോലിയല്ലായിരുന്നു. സഅ്ദിന്റെ വിധിക്കുശേഷം ആ കാര്യവുമായിട്ടുള്ള നബി(സ)തിരുമേനിയുടെ ബന്ധം അവിടന്ന് തന്റെ രാജവ്യവസ്ഥിതിയനുസരിച്ചു ആ വിധി നല്ല നിലയിൽ നടപ്പിൽ വരുത്തുക എന്നതുമാത്രമായിരുന്നു. അത് അദ്ദേഹം ദയയോടും അലിവോടുംകൂടി ഭംഗിയായ രീതിയിൽ മാതൃകാപരമായി നടപ്പിൽ വരുത്തിയെന്ന് പറഞ്ഞു കഴിഞ്ഞതാണ്. അതായത് നടപ്പിലാക്കുന്നതിനുമുമ്പേ അവർ തടവിലായിരുന്നപ്പോൾ നബി(സ)തിരുമേനി അവർക്കുള്ള താമസത്തിനും ഭക്ഷണത്തിനും വേണ്ട മികച്ച ഏർപ്പാടു ചെയ്യുകയുണ്ടായി. അവരുടെമേൽ സഅ്ദിന്റെ വിധി നടപ്പാക്കുന്നതിനുമുമ്പേ എത്രയും കുറച്ച് വിഷമം സഹിക്കേണ്ടിവരുന്നരീതിയിലാണ് എല്ലാ കാര്യങ്ങളും ചെയ്തത്. ഒന്നാമതായി അവരുടെ വികാരങ്ങൾ പരിഗണിച്ച് അവിടന്ന് കല്പിച്ചു: ഒരു കുറ്റവാളിയെ വധിക്കുമ്പോൾ മറ്റൊരു കുറ്റവാളി അടുത്തുണ്ടാകാൻ പാടുള്ളതല്ല. എന്നല്ല ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത് അവരെ വധസ്ഥലിയിലേക്ക് കൊണ്ടുപോകുമ്പോൾ തങ്ങളെ എന്തിന് എങ്ങോട്ടു കൊണ്ടുപോകുന്നുവെന്ന് അവർ അറിഞ്ഞിരുന്നില്ല. യഥാർഥ വധസ്ഥലിയിലെത്തുമ്പോഴായിരുന്നു അവർക്ക് കാര്യം മനസ്സിലായത്. അതിനുപുറമെ ആരെക്കുറിച്ചെങ്കിലും ദയാഹർജി സമർപ്പിക്കപ്പെടുമ്പോൾ അത് ഉടനെ അംഗീകരിക്കുമായിരുന്നു. അവരുടെ ജീവൻ രക്ഷിക്കുക മാത്രമല്ല ചെയ്തത് മറിച്ച് അവരുടെ ഭാര്യാമക്കളെയും സ്വത്തും സാധനങ്ങളുമെല്ലാം അവർക്ക് തിരികെ നൽകുവാനും കല്പിക്കുകയുണ്ടായി. അവരുടെ മുതലുകളെല്ലാം തിരിച്ചു നല്കപ്പെട്ടു. ഒരു കുറ്റവാളിയോട് ഇതിലുപരിയായി കാരുണ്യത്തോടും അലിവോടുംകൂടി എങ്ങനെ പെരുമാറാനാണ്? അതുകൊണ്ടുതന്നെ ബനൂഖുറയ്ളായുമായുള്ള സംഭവവുമായി ബന്ധപ്പെട്ട് നബി(സ)തിരുമേനിയ്ക്കെതിരിൽ ഒരാക്ഷേപവും ഉന്നയിക്കുവാൻ സാധ്യമല്ലെന്നുമാത്രമല്ല മറിച്ച് ഈ സംഭവം നബി(സ) തിരുമേനിയുടെ ഉന്നത സ്വഭാവ ഗുണത്തിന്റെയും ഭംഗിയായ സംവിധാന മികവിന്റെയും സഹജമായ കാരുണ്യത്തിന്റെയും ആദരവിന്റെയും സ്പഷ്ടമായ ഒരു തെളിവായിരുന്നു.

സഅ്ദിന്റെ വിധി കടുപ്പം നിറഞ്ഞ വിധിയായിരുന്നുവെന്നതിൽ സംശയമൊന്നുമില്ല. അതുമുഖേന മനുഷ്യപ്രകൃതി തീർച്ചയായും വി


## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)*

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

ഷമിക്കുന്നുണ്ട്. എന്നാൽ, അതുകൂടാതെ സ്വീകരിക്കാൻ പറ്റിയ മറ്റെന്തെങ്കിലും മാർഗമുണ്ടായിരുന്നുവോ എന്നതാണ് ചോദ്യം. ബനു ഖുറയ്ളായെ സംബന്ധിച്ചിടത്തോളം സഅ്ദിന്റെ വിധി ഞാൻ പറഞ്ഞതുപോലെ കടുപ്പമുള്ളതു തന്നെയായിരുന്നു. എന്നാൽ, അത് നിർബന്ധാവസ്ഥയായിരുന്നു. അതുകൂടാതെ വേറെ മാർഗമില്ലായിരുന്നു. ഇക്കാരണത്താലാണ് മാർഗുലിസിനെ(Margulis)പ്പോലുള്ള ചരിത്രകാരനും–അദ്ദേഹം ഒരിക്കലും ഇസ്‌ലാമിന്റെ സുഹൃത്തുക്കളിൽപ്പെട്ടയാളല്ല– ഈ അവസരത്തിൽ അതംഗീകരിക്കാൻ നിർബന്ധിതനായി; സഅ് ദിന്റെ തീരുമാനം സാഹചര്യപ്രേരകമായിരുന്നെന്നും അതല്ലാതെ ഒരു നിവൃത്തിയുമുണ്ടായിരുന്നില്ലെന്നും അദ്ദേഹത്തിന് സമ്മതിക്കേണ്ടതായി വന്നു. അദ്ദേഹം എഴുതുന്നു: അഹ്സാബ് യുദ്ധത്തിന്റെ ആക്രമണത്തെ സംബന്ധിച്ച് മുഹമ്മദ് സാഹിബിന്റെ(സ) വാദം അത് കേവലം ദൈവനിയന്ത്രണമനുസരിച്ചുണ്ടായതാണെന്നാണ്. ബനൂനളീറിന്റെ തന്നെ പ്രകോപനപരമായ പരിശ്രമത്തിന്റെ ഫലമായിരുന്നു. അല്ലെങ്കിൽ കുറഞ്ഞ പക്ഷം അവരുടെ പരിശ്രമത്തിന്റെ ഫലമായിരുന്നുവെന്ന് മനസ്സിലാക്കപ്പെട്ടിരുന്നു. ബനൂനളീറിനെ നബി(സ)തിരുമേനി നാടുകടത്തുക മാത്രമാണ് ചെയ്തത്. ഇപ്പോൾ നബി(സ)തിരുമേനി ബനൂഖുറയ്ളായേയും നാടുകടത്തി തനിക്കെതിരെ പ്രകോപനപരമായി പ്രവർത്തിക്കുന്നവരുടെ എണ്ണവും ശക്തിയും വർധിപ്പിക്കാൻ ഇട നല്കണോ? എന്നതു മാത്രമായിരുന്നു പ്രശ്നം. മറുഭാഗത്ത് ഇത്ര പരസ്യമായി ആക്രമണകാരികളോടൊപ്പം ചേർന്ന ആ ജനതയെ മദീനയിലും താമസിക്കാൻ പറ്റുമായിരുന്നില്ല. അവരെ നാടുകടത്തുക അസുരക്ഷിതമായിരുന്നു. അവർ മദീനയിൽ താമസിക്കുക എന്നതും ഭയാനകമായിരുന്നു. അതൊകൊണ്ട് വധശിക്ഷ നടപ്പിലാക്കുക എന്നതല്ലാതെ വേറെ ഒരു വഴിയുമുണ്ടായിരുന്നില്ല.

മാർഗോലിയോസ് എഴുതുന്നു: സഅ്ദിന്റെ വിധി തികച്ചും നീതിന്യായ നിയമങ്ങൾ അനുസരിച്ചുകൊണ്ടുള്ളതായിരുന്നു. നബി(സ)തിരുമേനിക്ക് തന്റെ പ്രതിജ്ഞ കാരണത്താൽ ഈ വിധിയെ സംബന്ധിച്ച് ദയ കാണിക്കുക എന്ന വശം പ്രയോഗത്തിൽകൊണ്ടുവരാൻ കഴിയുമായിരുന്നില്ല; ദയാഹർജി നല്കിയ കുറച്ചാളുകൾക്കൊഴികെ, അവർക്കുവേണ്ടി അവിടന്ന് എല്ലാ വിധത്തിലും ശ്രമിച്ചു. പൊതുവായ വിധി പറയാൻ സാധിക്കുമായിരുന്നില്ല. എന്നാൽ, മനസ്സിലാകുന്നത് നബി(സ)തിരുമേനിയെ വിധികർത്താവായി ഇഷ്ടപ്പെടാത്ത കാരണത്താൽ ലജ്ജകൊണ്ടു അവർ കൂടുതൽ ദയാഹർജി നല്കാൻ മടിച്ചുവെന്നാണ്. കുറച്ചാളുകൾമാത്രമെ ദയാഹർജി നല്കിയിരുന്നുള്ളു. അപ്പീൽ ഇല്ലാതെ നബി(സ)തിരുമേനിക്ക് ഒന്നും ചെയ്യാൻ പറ്റുമായിരുന്നില്ല. കാരണം രാജ്യദ്രോഹി താൻ ചെയ്ത തെറ്റിൽ ലജ്ജ പ്രകടിപ്പിക്കാത്തിടത്തോളം അയാളെ സ്വയമേവ വിട്ടയക്കുക രാഷ്ട്രീയപരമായ നിലയിൽ ഭയാനകമായ കൂടുതൽ ഫലങ്ങളുണ്ടാക്കാൻ ഇടയാകുമായിരുന്നു.

മറ്റൊരു കാര്യം ഓർമവയ്ക്കേണ്ടത്, നബി(സ) തിരുമേനിക്കും യഹൂദികൾക്കുമിടയിൽ ആരംഭത്തിലുണ്ടായിരുന്ന ഉടമ്പടിയിലെ നിബന്ധനകളിൽ ഒരു നിബന്ധന യഹൂദികളെ സംബന്ധിച്ച് എന്തെങ്കിലും വിധികല്പിക്കേണ്ട അവസരം വന്നാൽ അത് അവരുടെ ന്യായപ്രമാണമനുസരിച്ചായിരിക്കുമെന്നായിരുന്നു. അതായത് യഹൂദികളുടെ ന്യായപ്രമാണമനുസരിച്ച്. ആയതിനാൽ ഈ ഉടമ്പടിയനുസരിച്ച് മൂസായുടെ ന്യായപ്രമാണമനുസരിച്ചാണ് നബി(സ)തിരുമേനി എപ്പോഴും വിധി കല്പിച്ചിരുന്നതെന്നാണ് ചരിത്രത്തിൽന്ന് മനസ്സിലാകുന്നത്. ഇനി നമ്മൾ തൗറാത്ത് നോക്കുകയാണെങ്കിൽ അവിടെ ഇത്തരം കുറ്റകൃത്യത്തിനുള്ള ശിക്ഷ–ബനൂ ഖുറയ്ളാ അതിനാണല്ലോ ഇരയായത്–യാണ് സഅ്ദ് ബിൻ മുആദ് ബനൂഖുറയ്ളയിൽ നടപ്പാക്കിയതെന്ന് കാണാം.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ. പേജ് 599–611)

ബനൂഖുറയ്ളായുടെ കാര്യവുമായി ബന്ധപ്പെട്ട സഅദുബ്നു മുആദിന്റെ വിവരണം ഇത്രയും വിശദീകരണം മതിയായതാണ്. സഅ്ദ് ബിൻ മുആദിനെക്കുറിച്ചുള്ള പരാമർശം അല്പം കൂടി ബാക്കിയുണ്ട്. അത് ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇനി ഞാൻ ചില പരേതാത്മാക്കളെ സ്മരിക്കാൻ ആഗ്രഹിക്കുകയാണ്. അവർ കഴിഞ്ഞദിവസം വഫാത്തായവരാണ്. ജുമുഅ നമസ്കാരത്തിനുശേഷം അവരുടെ ജനാസഗാഇബും നമസ്കരിക്കുന്നതായിരിക്കും.

ഒന്നാമത്തെ അനുസ്മരണം ഹാജിയ റുഖ്യാ ഖാലിദ് സാഹിബയെക്കുറിച്ചാണ്. അവർ ഘാന ലജ്ന ഇമാഇല്ലായുടെ സ്വദ്റായിരുന്നു. ജൂൺ 30ന് 65–ാം വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവർക്ക് യൂട്രീൻ കാൻസർ(uterine cancer) ആയിരുന്നു. ഇതിനുശേഷം അവർ അതിനെ റിക്കവർ(recover)ചെയ്തിരുന്നു. അല്ലാഹു അവർക്ക് ആരോഗ്യം നല്കി. പക്ഷേ, ഈ വർഷം മെയ് മാസത്തിൽ വീണ്ടും അവരുടെ ആരോഗ്യം മോശമാകാൻ തുടങ്ങി. പെട്ടെന്ന് വീണ്ടും ആക്രമണമുണ്ടായി. കുറച്ചുകാലം ആശുപത്രിയിൽ രോഗിയായി ഇരുന്നതിനുശേഷം ജൂൺ 30ന് അവർ വഫാത്തായി. ഹാജിയ റുഖ്യാ ഖാലിദ് സാഹിബ, ഘാനയുടെ വടക്കൻ പ്രദേശമായ 'വാ'(Wa)യിൽ 1955 ഏപ്രിൽ മാസത്തിൽ ഒരു അഹ്മദി കുടുംബത്തിലാണ് ജനിച്ചത്. അവരുടെ പിതാവ് അൽഹാജ് ഖാലിദ് സ്വാലിഹ് സാഹിബ് 'വാ'യുടെ അടുത്തുള്ള ഒരു ഗ്രാമത്തിലെ ഇമാമായിരുന്നു. അവിടെ അധികമാളുകളും ബിംബാരാധകരായിരുന്നു. അദ്ദേഹം ബിംബാരാധകരുടെ ഇടയിൽ തബ്ലീഗ് ചെയ്ത് അഹ്മദിയ്യത്ത് സ്ഥാപിച്ചു. പരേതയുടെ കുട്ടിക്കാലം 'വാ'യിൽത്തന്നെയായിരുന്നു കഴിഞ്ഞിരുന്നത്. പ്രശ്നങ്ങളൊന്നുമില്ലാത്ത മാന്യമായി പെരുമാറുന്ന ആദർശവാദിയായ സ്ത്രീയായിരുന്നു. അവർ ഒരു അധ്യാപികയായിരുന്നു. അവരുടെ തൊഴിൽപരമായ വൃത്തം ജമാഅത്തംഗങ്ങളിലും ജമാഅത്തിലും മറ്റുള്ളവർക്ക് ഒരു മാതൃകയായിരുന്നു. ജോലിയിൽനിന്ന് റിട്ടയർ ആയതിനുശേഷം ബുസ്താനെ അഹ്മദിൽ, അഹ്മദിയ്യാ ഇന്റർനാഷണൽ സ്കൂളിന്റെ ഹെഡ്മിസ്ട്രസ് എന്ന നിലയിൽ സേവനം ചെയ്തുവരികയായിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിലും ശിക്ഷണത്തിലും അവർക്ക് പ്രത്യേക താൽപര്യമുണ്ടായിരുന്നു. ധാരാളം കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ അവർ വഹിച്ചിരുന്നു. ധാരാളം കുട്ടികളെ സ്വന്തം വീട്ടിൽ പാർപ്പിച്ച് വേതനമൊന്നും പറ്റാതെ പഠിപ്പിക്കാറുണ്ടായിരുന്നു. 2017–ൽ അവർ സ്വദ്ർ ലജ്ന ഇമാഇല്ലാ ആയി നിശ്ചയിക്കപ്പെട്ടു. വളരെ നല്ലനിലയിൽ അവർ തന്റെ സ്വദാറത്ത് കാലം എത്ര വർഷമാണെങ്കിലും രോഗിയായിട്ടും പൂർത്തിയാക്കി. വഫാത്തുനേരംവരെ സ്വദ്ർ ലജ്ന ഘാന എന്ന നിലയിൽ സേവനം ചെയ്തു. വിവിധ പരിപാടി തയ്യാറാക്കിയിരുന്നു. ഈയിടെയായി കോവിഡ് കാരണമായിട്ടുള്ള നിയന്ത്രണങ്ങൾ ഉണ്ടായിട്ടും ഇന്റർനെറ്റ് തുടങ്ങിയവയിൽ അവർ തർബിയ്യത്ത് പരിപാടി സംഘടിപ്പിക്കാറുണ്ടായിരുന്നു. ലജ്നയുടെ തർബിയ്യത്ത് ജോലി നിർവഹിച്ചുകൊണ്ടിരുന്നു. കൃത്യമായി നമസ്കരിക്കുമായിരുന്നു. വളരെ താൽപര്യത്തോടുകൂടി നന്മകൾ ചെയ്യുമായിരുന്നു. തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. കൃത്യമായി ചന്ദ കൊടുക്കുന്നവരായിരുന്നു. പരേത മൂസിയായിരുന്നു. ഖിലാഫത്തിനോടു വലിയ ബന്ധമായിരുന്നു. സന്തപ്ത കുടുംബത്തിൽ രണ്ടു ആൺമക്കളും ഒരു പെൺകുട്ടിയുണ്ട്. നാലു പൗത്രന്മാരും പൗത്രിമാരുമുണ്ട്. അല്ലാഹു അവരോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ പരേതനായ ശെയ്ഖ് മുബാറക് അഹ്മദ് സാഹിബിന്റെ ഭാര്യ സ്വഫിയ ബീഗം സാഹിബയുടേതാണ്. ശെയ്ഖ് മുബാറക് അഹ്മദ് സാഹിബ് ആഫ്രിക്കയിലും ഇംഗ്ലണ്ടിലും അമേരിക്കയിലും സേവനം ചെയ്തിരുന്ന മുബല്ലിഗായിരുന്നു. ജൂൺ 27ന് 93–ാം വയസ്സിൽ അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്ന ഇലയ്ഹി റാജിഊൻ. അവർ ഹദ്റത്ത് ഖാളി അബ്ദുസ്സലാം ഭട്ടി സാഹിബ്– മുബാറക്കാ ബീഗം സാഹിബ ദമ്പതികളുടെ മകളായിരുന്നു. 1926 ഒക്ടോബറിൽ ജനിച്ചു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരായ ഹദ്റത്ത് ഖാളി അബ്ദുർറഹീം സാഹിബിന്റെ പൗത്രിയും ഹദ്റത്ത് ളിയാഉദ്ദീൻ സാഹിബിന്റെ പ്രപ്രൗത്രിയുമായിരുന്നു. നിരവധി സവിശേഷഗുണങ്ങളുടെ ഉടമയും ദുആ ചെയ്യുന്ന ആദരണീയ സ്ത്രീയുമായിരുന്നു. ഖിലാഫത്തിനോടു അതുല്യമായ സ്നേഹബന്ധമായിരുന്നു. അത് വളരെ കുറച്ചേ സാധാരണ കണ്ടുവരാറുള്ളൂ. അവർ തന്റെ മക്കളിലും എന്നല്ല മക്കളുടെ മക്കളിലും ഈ ബന്ധമുണ്ടാക്കിയിരുന്നു; അത് എങ്ങനെ തുടർന്നുപോകണമെന്നുള്ളതും! പരേത മൂസിയായിരുന്നു. ശെയ്ഖ് മുബാറക് അഹ്മദ് സാഹിബുമായി ഇവരുടെ രണ്ടാം വിവാഹമായിരുന്നു. അദ്ദേഹ

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

ത്തിൽ അവർക്ക് ഒരു മകളുണ്ടായി. ആദ്യ ഭർത്താവിൽനിന്ന് മക്കളുണ്ടായിരുന്നു. ആദ്യ ഭർത്താവിന്റെ പേര് നസീർ അഹ്മദ് ഭട്ടി സാഹിബ് എന്നായിരുന്നു. എന്തായാലും ശെയ്ഖ് സാഹിബിന്റെ വിവിധ രാജ്യങ്ങളിലുള്ള സേവനകാലത്ത് ഇവർ വലിയ കൂറോടുകൂടി അദ്ദേഹത്തോടൊപ്പം ജീവിച്ചു. സന്തപ്ത കുടുംബാംഗങ്ങളിൽ ശെയ്ഖ് സാഹിബിന്റെ മുൻ ഭാര്യയിൽനിന്ന് ഒരു മകൾക്കു പുറമെ അദ്ദേഹത്തിന്റെ സ്വന്തം മക്കളിൽ രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. അവരുടെ ഒരു മകൻ ഫഹീം അഹ്മദ് ഭട്ടി സാഹിബ് ഇവിടെ നമ്മുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ സന്നദ്ധ സേവനം ചെയ്തുവരികയാണ്. ഒരു പൗത്രൻ സബൂർ ഭട്ടി മുബല്ലിഗാണ്. യു.കെയിലെ വക്കാലത്തെ തബ്ശീരിൽ ജോലി ചെയ്യുന്നു. ഒരു പൗത്രൻ അഹ്മദ് ഫുആദ് ഭട്ടി വഖ്ഫെ സിന്ദഗിയാണ്. അദ്ദേഹം അധ്യാപകനെന്ന നിലയിൽ കാനോ അഹ്മദിയ്യാ കോളേജിൽ സേവനം ചെയ്തുവരുന്നു. ഒരു പൗത്രൻ ഖലീഖ് ഭട്ടിയും വിദ്യാഭ്യാസം പൂർത്തിയാക്കി, വഖ്ഫ് ചെയ്ത് ഇപ്പോൾ റിവ്യൂ ഓഫ് റിലീജ്യൻസിൽ സേവനം ചെയ്യുന്നു. അവരുടെ ഒരു പൗത്രൻ നബീൽഭട്ടിയും– അദ്ദേഹത്തിന് രണ്ടുവർഷം മുമ്പേ കഠിനമായി രോഗം പിടിപെട്ടിരുന്നു. മരണാവസ്ഥയിൽ എത്തിയിരുന്നു. അദ്ദേഹത്തിനുവേണ്ടി ഇവർ ധാരാളം ദുആ ചെയ്തിരുന്നു. അല്ലാഹു അവരോടു അദ്ദേഹത്തിന്റെ ശിഫായെക്കുറിച്ച് പറയുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന് ശിഫായും നല്കി. പക്ഷേ, ഇപ്പോഴും നബീൽ ഭട്ടി സാഹിബിന് ആ രോഗം കാരണത്താൽ ചെറിയ ചെറിയ ചില ബുദ്ധിമുട്ടുകളുണ്ട്. അല്ലാഹു അദ്ദേഹത്തിന് പൂർണമായ ശിഫാ നല്കുമാറാകട്ടെ. സഫിയാ ബീഗം സാഹിബ അദ്ദേഹത്തിനുവേണ്ടി ചെയ്ത ദുആകൾ അല്ലാഹു സ്വീകരിക്കുമാറാകട്ടെ. ഇദ്ദേഹം വഖ്ഫിൽ പെട്ടയാളാണ്. അല്ലാഹു ഇദ്ദേഹത്തേയും ജമാഅത്തിന് പ്രയോജനമുള്ള ആളാക്കുകയും അവരുടെ മക്കളേയും ദീനിന് സേവനം ചെയ്യുന്നവരാക്കുകയും ചെയ്യുമാറാകട്ടെ.

അവരുടെ മകൾ ഫരീദ ശെയ്ഖ് സാഹിബ പറയുന്നു: ഞങ്ങളുടെ ഉമ്മായ്ക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു വലിയ സ്നേഹമായിരുന്നു. എപ്പോഴും മസീഹ് മൗഊദിന്റെ ഫോട്ടോയിലേക്കു ചൂണ്ടിപറയുമായിരുന്നു, 'അദ്ദേഹം കാരണത്താലാണ് നമുക്ക് എല്ലാം കിട്ടിയത്. എല്ലാ ബർക്കത്തുകളും അദ്ദേഹത്തിന്റേതാണ്.' ഇതേ പോലെതന്നെ ആഫ്രിക്കൻ–അമേരിക്കൻ സഹോദരിമാരോടും അവർക്ക് ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നു. അവരെ വളരെ ശ്രദ്ധിക്കാറുണ്ടായിരുന്നു. അവരിൽ അധികപേരും മിക്കപ്പോഴും വന്നുപോയുമിരുന്നു. അവരുടെ വീട്ടിൽ നിസ്വാർഥതയോടെ വന്നിരുന്നു. കുടുംബത്തിലെ അംഗമെന്ന നിലയിൽ അടുക്കളയിൽ ഇരുന്ന് ഉമ്മയോട് സംസാരിക്കുമായിരുന്നു.'

അവരുടെ മൂത്തമകൾ നയീമ ശബീർ സാഹിബ പറയുന്നു. അങ്ങേയറ്റം വാത്സല്യനിധിയും സ്നേഹിക്കുന്നവരുമായിരുന്നു. നല്ല ക്ഷമാശീലയായിരുന്നു. സ്വന്തം ജീവൻപോലും വകവെക്കാതെ മറ്റുള്ളവരുടെ കാര്യം ശ്രദ്ധിക്കുമായിരുന്നു. ഖിലാഫത്തിനോടുള്ള സ്നേഹം ഞങ്ങളുടെ മനസ്സുകളിലിട്ടു. പതിവായി കത്തെഴുതാൻ ഞങ്ങളോടു പറയുമായിരുന്നു. തന്റെ മക്കൾക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകൾ ചെയ്യുമായിരുന്നു. ദരിദ്രരേയും യത്തീംകളേയും ഒരുപാട് സഹായിച്ചിരുന്നു. ചന്ദകളും ദാനധർമങ്ങളും പതിവായി കൊടുക്കുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പ്രത്യേക വാത്സല്യത്തോടെയാണ് അവരുടെ ബന്ധവും നിക്കാഹും ശെയ്ഖ് മുബാറക്ക് അഹ്മദ് സാഹിബുമായി ചെയ്യിച്ചത്. അദ്ദേഹം മുബല്ലിഗായിരുന്നു. അദ്ദേഹത്തിന്റെ ആദ്യഭാര്യ വഫാത്തായിരുന്നു. ഇവരുടെ ഭർത്താവും വഫാത്തായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ബന്ധം ഉറപ്പിക്കുമ്പോൾ ശെയ്ഖ് സാഹിബിനോടു അദ്ദേഹം ചെയ്ത ഏതോ ജമാഅത്ത് ജോലിയിൽ സന്തോഷിച്ച് പറഞ്ഞു: 'ഞാൻ താങ്കൾക്ക് ഒരു സമ്മാനം നല്കുകയാണ്. ശെയ്ഖ് സാഹിബും ആ സമ്മാനത്തെ ആദരിച്ചു. ആ സമ്മാനം സഫിയ ബീവിയുടെ രൂപത്തിലാണ് നല്കിയത്. ശെയ്ഖ് സാഹിബ് അതിനെ വിലമതിച്ചു. അവരുടെ മക്കളേയും– ആദ്യഭർത്താവിൽനിന്നുള്ള മക്കളെ, അവരുടെ ആദ്യഭർത്താവ് യുവത്വത്തിലാണ് മരിച്ചത്–നന്നായി നോക്കി. അവരുടെ മൂത്തമകൻ ശമീം ഭട്ടി സാഹിബ് സ്കൂളിലും കോളേജിലും എന്നോടൊപ്പം പഠിച്ചിരുന്നു. ശെയ്ഖ് സാഹിബ് അവരെ നന്നായി നോക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവരോടുള്ള കടമ നിറവേറ്റി. പക്ഷേ, സഫിയ ബീഗം സാഹിബയും ശെയ്ഖ് സാഹിബിനെ കർമരംഗത്ത് ഒരു വഖ്ഫെ സിന്ദഗിയുടെ ഭാര്യ എന്ന നിലയിൽ കടമകൾ നിറവേറ്റി. അവർ നിറവേറ്റിയതുപോലെ വളരെ കുറച്ച് മുബല്ലിഗുമാരുടെ ഭാര്യമാരാണ് ഇപ്രകാരം കടമകൾ നിറവേറ്റുന്നത്. അതിഥികളെ സൽക്കരിച്ചിരുന്നു. ഒരിക്കലും പരാതിപ്പെട്ടില്ല. ജമാഅത്തംഗങ്ങൾക്കുവേണ്ടി ധാരാളം ദുആ ചെയ്യുമായിരുന്നു. ശെയ്ഖ് സാഹിബിന്റെ കീഴിൽ ജോലി ചെയ്തിരുന്ന മുബല്ലിഗുമാരോടും അവരുടെ കുടുംബത്തോടും നല്ലരീതിയിൽ പെരുമാറി. എനിക്ക് ഖിലാഫത്തിനു ശേഷമാണ് അവരുമായി കൂടുതൽ ബന്ധമുണ്ടായത്. പരിചയവുമുണ്ടായി. ഖിലാഫത്തിൽ അനുരക്തയായി ഞാൻ അവരെ കണ്ടു. അത്തരം അനുരക്തരായവർ വിരളമായേ കാണാറുള്ളൂ. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും എപ്പോഴും ജമാഅത്തിനോടും ഖിലാഫത്തിനോടും കൂറുപുലർത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത ജനാസ റിട്ടയർ മുഅല്ലിം വഖ്ഫെ ജദീദായിരുന്ന അലി അഹ്മദ് സാഹിബിന്റേതാണ്. ജൂൺ 18ന് 86–ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മിയാൻ അല്ലാദത്താ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹം 1903–ൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഝലം എന്ന സ്ഥലത്തേക്ക് പോയ അവസരത്തിൽ തന്റെ ഗ്രാമത്തിൽനിന്ന് 10, 12 മൈൽ ദൂരം നടന്നുപോയി ഹുദൂർ(അ)ന് ബയ്അത്ത് ചെയ്തു. 1965–ൽ ഇദ്ദേഹം വഖ്ഫ് ചെയ്തു. 1967 മുതൽ 2008 വരെ ഏകദേശം 41 വർഷം സിന്ധിലേയും പഞ്ചാബിലേയും വിവിധ ജമാഅത്തുകളിൽ സേവനം ചെയ്തു. നൂറുകണക്കിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും വിശുദ്ധ ഖുർആൻ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ തബ്ലീഗ് പ്രവർത്തനവും ദുആയുംകൊണ്ട് നിരവധി ഭാഗ്യത്മാക്കൾക്ക് ജമാഅത്തിൽ പ്രവേശിക്കാൻ സൗഭാഗ്യമുണ്ടായി. പരേതൻ മൂസിയായിയരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്ക് പുറമെ രണ്ട് പുത്രിമാരും മൂന്ന് പുത്രന്മാരുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ അബ്ദുൽ ഹാദി ത്വാരിഖ് സാഹിബ് ഘാനയിലെ മുറബ്ബിയാണ്. അവിടുത്തെ ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യായിൽ ഏഴു വർഷമായി ഉസ്താദ് എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു. ഇപ്പോഴത്തെ അവസ്ഥകൾ കാരണത്താൽ തന്റെ പിതാവിന്റെ ജനാസയിലും ഖബറടക്കത്തിലും പങ്കെടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ രണ്ട് സഹോദര പുത്രന്മാരും ജമാഅത്തിന്റെ മുബല്ലിഗുമാരാണ്. മൂന്ന് ദൗഹിത്രന്മാർ ഖുർആൻ ഹാഫിളുമാരാണ്.

മഗ്ഫൂർ അഹ്മദ് മുനീബ് സാഹിബ്, അദ്ദേഹം നമ്മുടെ വഖ്ഫെ സിന്ദഗി മുറബ്ബിയാണ്, ഇപ്പോൾ കേന്ദ്രത്തിൽ നിയമിതനാണ് പറയുന്നു: മൗലവി സാഹിബ് വഖ്ഫെ സിന്ദഗികളായ മുറബ്ബിമാർക്കും മുഅല്ലിമുമാർക്കും നിസംശയം ഒരു മാതൃകയായിരുന്നു. വളരെ കുറച്ച് സംസാരിക്കുന്ന പ്രകൃതമായിരുന്നു; ദൃഷ്ടി എപ്പോഴും താഴേക്കായിരുന്നു. അഹ്മദിയ്യാഖിലാഫത്തിനുവേണ്ടി നെഞ്ചുവിരിച്ച് പ്രവർത്തിക്കുന്ന ആളായിരുന്നു. എല്ലാ കാര്യങ്ങളും നല്ലവണ്ണം മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന ശീലമായിരുന്നു. ഇന്ന് മൗലവി സാഹിബിന്റെ ശിഷ്യരായ ആൺകുട്ടികളും പെൺകുട്ടികളും വലിയവരായി. പക്ഷേ, അവരുടെ മനസ്സിൽനിന്ന് മൗലവി സാഹിബിന്റെ സൽപെരുമാറ്റത്തിന്റേയും സ്നേഹത്തിന്റേയും ഓർമകൾ മാഞ്ഞിട്ടില്ല. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറയ്ക്കും അദ്ദേഹത്തിന്റെ സവിശേഷഗുണങ്ങൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത ജനാസ റഫീഖാൻ ബീബി സാഹിബയുടേതാണ്. അഹ്ദിപൂർ നാറോവാൾ ജില്ലയിലെ ബശീർ അഹ്മദ് ഡോഗർ സാഹിബിന്റെ ഭാര്യയാണ്. മെയ് 22ന് വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഇവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അവരുടെ പിതാമഹൻ നമ്പർദാർ ഹദ്റത്ത് മലിക് സർദാർ ഖാൻ ഡോഗർ സാഹിബു മുഖേനയായിരുന്നു. സ്വഹാബിയായിരുന്നു. അവരുടെ മകൻ രിയാള് അഹ്മദ് ഡോഗർ സാഹിബ് പറയുന്നു: എനിക്ക് ഓർമവച്ച കാലം മുതൽ ധാരാളം നമസ്കരിക്കുന്നതായും സൂക്ഷ്മത പാലിച്ച് ജീവിക്കുന്നതായും കണ്ടിട്ടുണ്ട്. നോമ്പും നമസ്കാരവും കൃത്യമായി നിർവഹിച്ചിരുന്നു. ഒരുപാട് സൂറത്തുകൾ മനഃപാഠമായിരുന്നു. രാവിലെ പാൽ തിളപ്പിക്കുമ്പോൾ അധികവും സൂറത്തു തഗാബുൻ പാരായണം ചെയ്യുമായിരുന്നു. അഞ്ചുനേര നമസ്കാരം കൃത്യമായി നമസ്കരിച്ചിരുന്നു. ഓരോ നമസ്കാരത്തിനു മുമ്പേയും ഒന്ന് രണ്ട് പൗത്രന്മാരേയും പൗത്രിമാരേയും ദൗത്രിമാരേയും ദൗഹിത്രന്മാരേയും കൂടെ കൂട്ടുമായിരുന്നു; കുട്ടികൾക്കും നമസ്കാരത്തിനോടു താൽപര്യമുണ്ടാകുന്നതിനുവേണ്ടി! നമസ്കാരത്തിനുശേഷം ഒരുപാടുനേരം ഇരുന്ന് തസ്ബീഹ് ചെയ്യുമായിരുന്നു. ഇപ്രകാരംതന്നെ ഖുർആൻ പാരായണം ഉറക്കെ ചെയ്യുമായിരുന്നു. വീട് മുഴുവൻ അവരുടെ പാരായണം മുഴങ്ങുമായിരുന്നു. ഒരുപാട് സൂറത്തുകൾ മനഃപ്പാഠമായിരുന്നു. ഖിലാഫത്തിനോടു അതിയായ സ്നേഹമായിരുന്നു. സ്നേഹവും വിശ്വാസവുമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ ദുആയിൽ ദൃഢഗാഢമായ വിശ്വാസമായിരുന്നു. എന്റെ മകനും മുറബ്ബിയാണെന്ന് അഭിമാനത്തോടെ ജനങ്ങളോടു പറയുമായിരുന്നു; എന്റെ പൗത്രനും മുറബ്ബിയാകുകയാണ്. എന്റെ ദൗഹിത്രനും മുറബ്ബിയാണ്. തന്റെ മക്കളെ ഒരുപാട്

(ശേഷം പേജ് 9ൽ)

(പേജ് 2ൽനിന്ന്)

റിൽ സത്യമായും ഈ വാക്യം എഴുതി: 'വേദം ദൈവജ്ഞാനങ്ങളിൽനിന്നും സന്മാർഗത്തിൽനിന്നും ഹതഭാഗ്യയാണ്. അതുകൊണ്ടത് ദൈവ ഗ്രന്ഥത്തിന്റെ വാക്യങ്ങളാകുകയില്ല.' (ശഹ്നയെ ഹഖ്, റൂഹാനീഖസാഇൻ, വാല്യം 2, പേജ് 360)

ഇനി ഞാൻ പുനർജന്മ വിശ്വാസത്തെക്കുറിച്ച് ചിലത് പറയാം. പുനർജന്മം ഹിന്ദുക്കളുടെ വിശ്വാസമാണ്. അതിനെ പുനർജന്മ സിദ്ധാന്തം എന്നും പറയുന്നു. ഈ ലോകത്ത് നമ്മൾ കാണുന്ന എല്ലാ ജീവജാലങ്ങളും യഥാർഥത്തിൽ ആദ്യം മനുഷ്യരായിരുന്നു. പൂർവകാലത്ത് ചെയ്ത പാപത്തിന്റെ ഫലമായി, അവരുടെ പാപത്തിന്റെ ഇനത്തിന്റെ അടിസ്ഥാനത്തിൽ വെവ്വേറെ മൃഗങ്ങളുടെ രൂപത്തിൽ ഈ ലോകത്ത് സൃഷ്ടിക്കപ്പെട്ടു. ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉപദേശം സമർപ്പിക്കുകയാണ്. അവിടന്ന് ഹോശിയാർപൂർ ആര്യസമാജക്കാരനായ ലാല മുരളിധരനെ സംബോധന ചെയ്തുപറയുന്നു:

'താങ്കളുടെ പുനർജന്മ സിദ്ധാന്തം നിലനിറുത്തിയിരിക്കുന്നത്, കർമപരമായി നിലവിലുള്ള ഈ ലോകത്തിന്റെ ക്രമീകരണം പരമേശ്വരന്റെ തീരുമാനവും ശക്തിപ്രഭാവവുമല്ലെന്നും അവന്റെ യുക്തിജ്ഞാനത്തിന്റെയും താൽപര്യത്തിന്റെയും അടിസ്ഥാനത്തിലല്ലെന്നും മറിച്ച് പാപികളുടെ പാപങ്ങൾ ഈ വിവിധ രൂപത്തിലുള്ള വസ്തുക്കൾ ഉണ്ടാക്കിയെന്നുമാണ്. ഈ ഭൂമിയിലും ആകാശത്തിലും കാണുന്ന സകല വസ്തുക്കളുടേയും മൊത്തംകൂട്ടവും നിങ്ങളുടെ അടിസ്ഥാനപരമായ നിയമമനുസരിച്ച് യാദൃച്ഛികമാണ്. ഇതിൽ പരമേശ്വരന്റെ തീരുമാനത്തിന്റെയും ശക്തിപ്രതാപത്തിന്റെയും ഒട്ടും കൈകടത്തലില്ല. മനുഷ്യന്റെ ആത്മാക്കൾ പാപങ്ങൾക്കിരയായിരുന്നില്ലെങ്കിൽ ഈ കാണുന്ന ആയിരക്കണക്കിന് സൃഷ്ടികൾ ഒന്നും ഉണ്ടാകുമായിരുന്നില്ല. പരലോകത്തിലെ അതായത് എല്ലാ ഓരോ സൗഖ്യവും നിങ്ങളുടെ അഭിപ്രായത്തിൽ ദുർനടപടികൾ കൊണ്ടാണ് ലഭ്യമായിട്ടുള്ളത്. ഭൗതികമായ എല്ലാ അനുഗ്രഹങ്ങളും കരസ്ഥമായതിന്റെ യഥാർഥനിമിത്തം തിന്മകളാണ്. ചിലർ പാപം ചെയ്ത് പശുവായി ജനിച്ചു. നമ്മൾ സ്വയം അതിന്റെ പാലുകുടിക്കുന്നു. പിന്നീട് തിന്മകൾ ചെയ്ത് പെൺകുതിരയായി ജനിച്ചു. അതിനാൽ നമുക്ക് സ്വയം യാത്ര ചെയ്യാൻ വാഹനം ലഭ്യമായി. ഏതോ പാപം ചെയ്ത് പെൺകഴുതയോ കോവർകഴുതയോ ഒട്ടകമോ ആയി ജനിച്ചു; നിങ്ങൾ സ്വന്തം ജോലികൾ ചെയ്യാൻ. ഇനിയാരെങ്കിലും അത്തരം വലിയ പ്രവൃത്തി ചെയ്താൽ അതിനുള്ള ശിക്ഷയായി അവനെ സ്ത്രീയാക്കിയിട്ടു; സ്വയം ഭാര്യമാരെ കിട്ടുന്നതിന്. ആരെങ്കിലും എന്തെങ്കിലും പാപം ചെയ്തതിന്റെ ഫലമായി മരിച്ചാൽ അയാളുടെ അതേ ആത്മാവ് അയാളുടെ മകളോ മകനോ ആയി നിങ്ങളുടെ കുട്ടികളെ ഉണ്ടാക്കാൻ. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് അടിസ്ഥാനപരമായി നിങ്ങളുടെ ദൈവത്തിന്റെ പരമ്പരയെല്ലാം പാപങ്ങൾ കൊണ്ടുമാത്രം നടന്നുവെന്നാണ്.' (സുർമെ ചശ്മെ ആര്യ റൂഹാനീഖസാഇൻ, വാല്യം 2, പേജ് 133)

പണ്ടുപണ്ടേയുണ്ടായിരുന്ന ആളുകളുടെ വിശ്വാസമായിരിക്കും ഇതെന്ന് ആരെങ്കിലും കരുതുകയും ഇപ്പോൾ ആധുനികകാലത്ത് പുതിയ ആളുകളുടെയടുത്ത് ഈ വിശ്വാസമല്ലെന്ന് വിചാരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാളുടെ ധാരണ തെറ്റാണ്. 2020 ഫെബ്രുവരി 11ന് ഗുജറാത്ത് സംസ്ഥാനത്തിന്റെ ഭുജ്നഗറിൽ ശ്രീ സഹ്ജ് ആനന്ദ് ഗേൾസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന 60ൽ അധികം വിദ്യാർഥിനികളെ അങ്ങേയറ്റം ചേരാത്തതും ആക്ഷേപാർഹവുമായ രീതിയിൽ ചെക്കപ്പ് ചെയ്തു. അതിവിടെ കുറിക്കുന്നത് ഞങ്ങൾ ശരിയായ മനസ്സിലിക്കുന്നില്ല. ആ പെൺകുട്ടികളുടെ പ്രത്യേക ദിനങ്ങളാണോ ഇപ്പോൾ നടക്കുന്നതെന്ന് പരിശോധിക്കുകയായിരുന്നു അവർ. അതെന്തിനാണെന്നാൽ സ്ഥാപനത്തിന്റെ നിയമമനുസരിച്ച് പ്രത്യേക ദിവസങ്ങളിലൂടെ കടന്നുപോകുന്ന പെൺകുട്ടിക്ക് മറ്റു പെൺകുട്ടിയോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കാൻ അനുവാദമില്ല. വിദ്യാർഥിനികൾ സ്ഥാപനത്തിന്റെ ഈ നിയമം ലംഘിച്ചിട്ടുണ്ടോ എന്നു നോക്കാനാണ് ചെക്കപ്പിന് വിധേയമാക്കിയത്. ഈ സംഭവം പത്രങ്ങളിൽ ചർച്ചയായപ്പോൾ സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ, ഹോസ്റ്റലിന്റെ ഇൻചാർജ്, ഒരു പ്യൂണിനേയും ഫെബ്രുവരി 17ന് അറസ്റ്റ് ചെയ്തു. ഈ പശ്ചാത്തലത്തിൽ പെട്ടെന്ന് ആ സ്ഥാപനത്തിന്റെ നടത്തിപ്പുകാരനായ ധർമ്ഗുണ അതായത് മതമാർഗദർശി, സ്വാമി കൃഷ്ണൻ സ്വരൂപ് ദാസ്ജീ തന്റെ ഉപദേശത്തിൽ പറഞ്ഞു.

രജസ്വലതയുടെ നേരത്ത് ഭർത്താക്കന്മാർക്ക് ഭക്ഷണം പാകം ചെയ്തുകൊടുക്കുന്ന ഭാര്യമാർ അടുത്ത ജന്മത്തിൽ പട്ടിയുടെ രൂപത്തിൽ ജനിക്കുന്നതായിരിക്കും. ഈ നേരത്ത് അവരുടെ കൈകൊണ്ട് പാകം ചെയ്ത ഭക്ഷണം കഴിക്കുന്ന പുരുഷൻ കാളയായി ജനിക്കുന്നതായിരിക്കും. നിങ്ങൾക്ക് എന്റെ ചിന്താഗതികൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ ഞാനത് വകവെക്കുന്നില്ല. പക്ഷേ, ഇതെല്ലാം നമ്മുടെ ശാസ്ത്രങ്ങളിൽ എഴുതിയിട്ടുള്ളതാണ്.' (ഹിന്ദുസമാചാർ പത്രം, ജലന്ധർ 2020 ഫെബ്രുവരി 20, പേജ് 4 പേജ് 8)

ആത്മാക്കളും ശരീരവും പ്രപഞ്ചത്തിലെ ഓരോ അണുവും സ്വയംഭൂവാണെന്നതും ഇതും അവരുടെ പണ്ടുമുതലേയുള്ള വിശ്വാസമാണ്. ദൈവം അവയുടെ സ്രഷ്ടാവോ ഉടമസ്ഥനോ അല്ലെന്നതും അവരുടെ വിശ്വാസമാണ്. പരിമിതമായ കർമങ്ങൾക്ക് അപരിമിതമായ പ്രതിഫലം കിട്ടുകയില്ല. അതുകൊണ്ട് ആർക്കും അനശ്വരമായ മുക്തി അതായത് അനശ്വരമായ മോക്ഷം നല്കാൻ ദൈവത്തിന് സാധിക്കുകയില്ല. അതിനാൽ ഈശ്വരൻ ഓരോ വ്യക്തികയുടേയും ഏതെങ്കിലുമൊരു പാപം അതുപോലെ നിലനിറുത്തുന്നു. പിന്നീട് ആ പാപത്തിന്റെ ഫലമായി അവനെ സ്വർഗത്തിൽനിന്നിറക്കി ലോകത്തേക്ക് അയക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇന്നത്തെ വേദത്തിന്റെ എല്ലാ അച്ചുതണ്ടും പുനർജന്മ വിശ്വാസത്തിൽ അതായത് പുർജന്മ സിദ്ധാന്തത്തിലാണ്. ഈ പുനർജന്മ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ പക്ഷികളും മൃഗങ്ങളും കീടങ്ങളുമെല്ലാം മനുഷ്യൻ തന്നെയാണ്. ഈ പുനർജന്മ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അനശ്വരമായ മുക്തി അസംഭാവ്യമാണെന്ന് അംഗീകരിക്കേണ്ടിവരും. ഈ പുനർജന്മ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആരുടേയും പശ്ചാത്താപം സ്വീകരിക്കപ്പെടുകയോ പാപം പൊറുക്കപ്പെടുകയോ ഇല്ലെന്ന് വിശ്വസിക്കേണ്ടിവരും. ഈ പുനർജന്മ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഈശ്വരൻ ആത്മാവിന്റെ സ്രഷ്ടാവല്ലെന്നും പ്രത്യുത എല്ലാം ദൈവത്തെപ്പോലെ അനന്തവും അനാദിയുമാണെന്നും വിശ്വസിക്കേണ്ടിവരും. (ചശ്മയെ മഅ്രിഫ, റൂഹാനീഖസാഇൻ, വാല്യം 23, പേജ് 123)

പറഞ്ഞതിന്റെ ചുരുക്കം പുനർന്മ വിശ്വാസം അല്ലാഹുവിന്റെ ഏകത്വത്തിനും അവൻ സ്രഷ്ടാവാണെന്നതിനും ഉടമസ്ഥനാണെന്നതിനും അവന്റെ അതിരറ്റ ശക്തിപ്രഭാവത്തിനും അവന്റെ സവിശേഷഗുണങ്ങൾക്കും ഘടകവിരുദ്ധമാണ്. അതുകൊണ്ടുതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇക്കാര്യങ്ങൾ വിവരിക്കുന്ന ശഹ്നയെ ഹഖ്, സുറമ ചശ്മയെ ആര്യ, ചശ്മയെ മഅ്രിഫത്ത് തുടങ്ങിയ ഗ്രന്ഥങ്ങൾ വിജ്ഞാനിർഭരമായ മികച്ച ഗ്രന്ഥങ്ങളാണ്. ഇൻശാ അല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റൊരു സമ്മാനം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളിയുമായി വീണ്ടും കാണാം.

(പേജ് 1ൽനിന്ന്)

ക്ഷേപം ഉന്നയിക്കുന്നവർ അത്തരം കാര്യം എന്തുകൊണ്ട് ചെയ്തു കാണിക്കുന്നില്ല. ഇത് ഹ്രസ്വമായ നിലയിലുള്ള മറുപടിയാണ്. ഇല്ലെങ്കിൽ മുൻഗ്രന്ഥങ്ങളിലുള്ള എല്ലാ സത്യസാക്ഷ്യങ്ങളും ഇതിലുണ്ടെന്നാണ് വിശുദ്ധ ഖുർആന്റെ വാദം. അതു പറയുന്നു: ഫീഹാ കുതുബുൻ ഖയ്യിമ(98:4) കാലങ്ങളുടെ അടിസ്ഥാനത്തിൽ കാലഹരണപെടാത്തതായി നിലനില്ക്കുന്ന എല്ലാ സത്യസാക്ഷ്യങ്ങളും ഇതിലുണ്ട്. അതുകൂടാതെ പറയുന്നു: *വയുഅല്ലിമുക്കും മാലം തകൂനൂ തഅ്ലമൂൻ*(2:152)നിങ്ങൾ മുമ്പേ അറിയാത്തതായ കാര്യങ്ങൾ ഈ റസൂൽ നിങ്ങളെ പഠിപ്പിക്കുന്നു. അതായത് അതിലെ അധ്യാപനം മുമ്പേയുള്ള ഗ്രന്ഥങ്ങളിൽ കാണുന്ന കേവലം നല്ല അധ്യാപനങ്ങൾ അടങ്ങിയതല്ല. പ്രത്യുത ലോകത്തിനു ഇതുവരെ അറിയാത്തതായ കൂടുതൽ കാര്യങ്ങൾ ഇതിലുണ്ട്. ഇപ്രകാരംതന്നെ പറയുന്നു:*ഫഇദാ അമിൻതും ഫദ്ക്കുറുല്ലാഹ കമാ അല്ലമക്കും മാലം തകൂനൂ തഅ്ലമൂൻ*(2:240). നിങ്ങൾ സമാധാനത്തിലിരിക്കുമ്പോൾ ഈ വിശുദ്ധ ഖുർആനിലൂടെ അല്ലാഹു നിങ്ങളെ പഠിപ്പിച്ചിട്ടുള്ള സ്വിഫത്തുകൾ(സവിശേഷ ഗുണങ്ങൾ) മുഖേന അല്ലാഹുവിനെ സ്മരിക്കുക. അതിന്റെ അറിവ് ഇതിനുമുമ്പേ നിങ്ങൾക്കുണ്ടായിരുന്നില്ല. മുമ്പേ ലോകത്തിന് കരസ്ഥമായിട്ടില്ലാത്ത ദൈവത്തിന്റെ സവിശേഷഗുണങ്ങൾ കൂടുതലായി വിശുദ്ധ ഖുർആനിൽ നല്കപ്പെട്ടിരിക്കുന്നുവെന്നാണ് അത് ഇവിടെ വാദിച്ചിരിക്കുന്നത്.'(തഫ്സീറെ കബീർ വാല്യം 1, പേജ് 226, ഖാദിആൻ 2010)

## ഹദീഥുന്നബവി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

*(2015-ലെ യൂറോപ്പ് പര്യടന റിപ്പോർട്ടിന്റെ തുർച്ചയ്ക്കായി 2018 സെപ്റ്റംബർ 27-ലെ ബദ്ർ ഉർദു പതിപ്പ് നോക്കുക. ഹുദൂറിന്റെ പുതിയ റിപ്പോർട്ട് ലഭ്യമായാൽ കഴിഞ്ഞ റിപ്പോർട്ട് മാറ്റിവച്ച് പുതിയ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതായിരിക്കും-പത്രാധിപർ)*

## 2015 ഒക്ടോബർ 10 ശനിയാഴ്ച

**നാഷണൽ മജ്‌ലിസെ ആമില**
**ലജ്ന ഇമായില്ലാഹ് ഹോളണ്ട്.**

(ബാക്കി ഭാഗം)

❁നാഷണൽ സെക്രട്ടറി സിഹ്ഹത്തെ ജിസ്മാനി: 'ലജ്നാ-നാസിറാത്തിനെ മറ്റു രാജ്യങ്ങളിലേക്ക് സന്ദർശനാർഥം കൊണ്ടു പോകാൻ ഞങ്ങൾക്ക് അനുവാദമുണ്ടോ?'

ഹുദൂർ അൻവർ: 'മാതാപിതാക്കൾ അനുവദിച്ചാൽ കൊണ്ടുപോകാൻ അനുവാദമുണ്ട്. നാസിറാത്തിനു വരാമെങ്കിൽ ലജ്നകൾക്ക് എന്തുകൊണ്ട് ആയിക്കൂടാ? ഹംബർഗിലെ ലജ്നകളും ഈയടുത്ത് സന്ദർശനം നടത്തിയിരുന്നു. കൂടാതെ നോർവെ, ഫ്രാൻസ് രാജ്യങ്ങളിൽനിന്നുള്ള ലജ്നകളും ഇതുപോലെ വന്നിരുന്നു. നിങ്ങളാദ്യം യു.കെയിൽ വരിക. frequent visit ചെയ്യുക.'

❁നാഷണൽ സെക്രട്ടറി മുഹാസിബ മാൽ: 'സ്വന്തം റിജ്യണിൽ ഓഡിറ്റിന്റെ പ്രവൃത്തി റീജ്യണൽ സ്വദ്റിനും ചെയ്യാൻ അനുവാദമുണ്ടോ? അതോ സെക്രട്ടറി ഓഡിറ്റ് മാത്രമേ ചെയ്യാൻ പാടുള്ളോ?'

ഹുദൂർ അൻവർ: 'സന്ദർഭത്തിനനുസരിച്ച് ചെയ്യണമെങ്കിൽ ചെയ്യാവുന്നതാണ്. എന്നാൽ, സ്ഥിരമായി പാടില്ല. ഇത് സെക്രട്ടറി മുഹാസിബ മാലിന്റെ ഉത്തരവാദിത്വമാണ്. റീജ്യണുമായി ബന്ധപ്പെട്ട ചന്ദയുടെ അടവിനെ സംബന്ധിച്ച് ചോദിക്കാവുന്നതാണ്. നിങ്ങൾ ലോക്കൽ മജ്ലിസിന് ബഡ്ജറ്റ് നല്കുന്നു. അത് ഏറ്റവും കൂടി വന്നാൽ 350 യൂറോ ആകുമായിരിക്കും. ഇതിന്റെ ഓഡിറ്റ് എങ്ങനെ ചെയ്യും? ഇതിന്റെ ആവശ്യമില്ല. അവർ ചെലവുചെയ്യുന്നത് നിങ്ങളോട് പറയുന്നുണ്ട്. അത് മതിയായതാണ്. ഏതെങ്കിലും ലജ്ന നിർധനയാണെങ്കിൽ എന്നാൽ, അവർ സമ്മേളനത്തിനു വരാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. ലോക്കൽ ബഡ്ജറ്റ് കൊടുക്കുക. 20 കിലോ മീറ്റർ വന്നു പോകാനാണെങ്കിൽ 5 ലിറ്റർ പെട്രോൾ വേണം. അതായത് 7.50 യൂറോ. രണ്ടു മാസത്തിനുശേഷം ഈ തുക ആ പാവപ്പെട്ട ലജ്നക്ക് കൊടുക്കുക. നിങ്ങൾക്ക് 10 മജ്ലിസുകളുണ്ട്. വർഷത്തിലെ 5 പ്രോഗ്രാമുകളിലായി നിങ്ങളുടെ ബഡ്ജറ്റിൽ 450 യൂറോ കണ്ടെത്തുക ബുദ്ധിമുട്ടുള്ള കാര്യമല്ല.'

❁ നാഷണൽ ലജ്നാ സ്വദ്ർ: 'ബയ്ത്തുന്നൂറിൽ ലജ്നകൾക്ക് ഓഡിയോ വീഡിയോയുടെ പ്രശ്നമുണ്ട്. നമസ്കാര സമയത്ത് ശബ്ദത്തിന്റെ പ്രശ്നമുണ്ട്. ജമാഅത്തിനോട് വളരെയധികം പ്രാവശ്യം ശ്രദ്ധയിൽ പെടുത്തിയതാണ്. എം.ടി. എക്കും നേരിട്ടുള്ള ലിങ്കില്ല. എന്നാലവിടെ ടീ.വി ഉണ്ടു താനും.'

ഹുദൂർ അൻവർ: 'നിങ്ങൾ സ്വന്തമായൊരു ടീമുണ്ടാക്കുക. ഇവിടെ വാഖിഫാത്തെ നൗ ക്ലാസിലും ആൺകുട്ടികൾ വീഡിയോ എടുക്കുന്നുണ്ടായിരുന്നു. മറ്റു രാജ്യങ്ങളിൽ ആൺകുട്ടികൾക്ക് അനുവാദം നല്കാറില്ല. ഹുദൂർ അൻവർ ഓഡിയോയും എം.ടി.എ യുടെ connection സംബന്ധമായുമുള്ള കാര്യങ്ങൾ രേഖാമൂലം എഴുതാനും നിർദേശിച്ചു. പുരുഷന്മാർക്ക് ദഹിക്കുന്നത്ര പരാതികൾ എഴുതാനും ഹുദൂർ പറഞ്ഞു.'

❁ നാഷണൽ ലജ്നാ സ്വദ്ർ: 'ഹുദൂർ! നാഷണൽ ആമിലായ്ക്ക് സ്വയം എങ്ങനെ ഡെവലപ് ചെയ്യാൻ കഴിയും?'

ഹുദൂർ അൻവർ: 'നിങ്ങളുടെ ജോലി എന്താണ്? അത് നിങ്ങളുടെ ഭരണഘടനയിൽ എഴുതിയിട്ടുണ്ട്.

നിങ്ങൾക്ക് നിങ്ങളുടെ വൃത്തത്തിൽ പൂർണ സ്വാതന്ത്ര്യമുണ്ട്. നിങ്ങൾക്ക് ഓരോ പ്രവൃത്തിയും ചെയ്യാവുന്നതാണ്. വ്യക്തിപരമായ പരിഷ്കരണവികാരം വളർത്തുക. സേവനവികാരം വളർത്തുക. ദീനീ സേവനം ഒരു ദൈവികാനുഗ്രഹമായി മനസ്സിലാക്കുക. ഇതിന്നു പകരമായി ഒരു വിധ പ്രതിഫലവും കാംക്ഷിക്കാതിരിക്കുക. സുഖവും പ്രതിഫലവും തേടരുത്.'

നാഷണൽ ലജ്നാ സ്വദ്ർ ചില തഅ്‌ലീമീ സർട്ടിഫിക്കറ്റുകൾ ഹുദൂറിനെ കാണിച്ചു.

ഹുദൂർ അൻവർ: 'നാസിറാത്തിനും ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ വേണ്ടതാണ്.

ഈ നാഷണൽ മജ്ലിസെ ആമില മീറ്റിംഗ് 6.30 വരെ നീണ്ടു നിന്നു. ശേഷം കുടുംബപരമായ കൂടിക്കാഴ്ചകൾ ആരംഭിച്ചു.

### കുടുംബപരമായ കൂടിക്കാഴ്ചകൾ

ഇന്ന് വൈകുന്നേരം നടന്ന ഈ സെഷനിൽ 40 കുടുംബങ്ങളിൽനിന്നുള്ള 191 പേർക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കൊച്ചു കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യമുണ്ടായി. ഇന്നത്തെ കൂടിക്കാഴ്ചയിൽ പങ്കെടുത്ത കുടുംബങ്ങൾ ആൻഹേം(Arnhem), ഡെൻഹാഗ്(DenHaag), സ്വോലെ (Zwolle), ആംസ്റ്റർഡാം (Amsterdam), ലെലിസ്റ്റാഡ് (Lelystad) ജമാഅത്തുകളിൽ നിന്നു വന്നവരായിരുന്നു.

ഈ കൂടിക്കാഴ്ച പരിപാടി 8.30 വരെ നീണ്ടു നിന്നു. തുടർന്ന് മസ്ജിദു ബയ്ത്തുന്നൂറിൽ നടന്ന ആമീൻ പരിപാടിയിലും ഹുദൂർ പങ്കെടുത്തു.

### ആമീൻപരിപാടി

ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന താഴെ പറയുന്ന 30 പേരാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. പെൺകുട്ടികളിൽനിന്ന് ഹുദൂർ ഓരോ ആയത്ത് കേട്ടു. അവസാനം ദുആ ചെയ്യിച്ചു. താഴെ പറയുന്ന ആൺകുട്ടികളും പെൺകുട്ടികളുമാണ് പരിപാടിയിൽ പങ്കെടുത്തത്.

മുദ്ദഥിർ സയീദ്, ഫറാസ് ഹാറൂൺ ചൗദ്‌രി, അൻസിൽ അക്മൽ, ത്വാഹാ കരീം മഹ്മൂദ്, സയ്യിദ് സബീഹ് അഹ്മദ്, നദീം അഹ്മദ്, വജാഹത്ത് അഹ്മദ്, ഫാദി കരീം മഹ്മൂദ്, മുസമ്മിൽ അഹ്മദ്, റാനാ ഖാസിദ് അഹ്മദ്, മുസവ്വിർ അഹ്മദ്, ഹിശാം അഹ്മദ്, സഫീർ അഹ്മദ്, കാശിഫ് വഡായിച്ച്, അയാൻ അഹ്മദ് സിദ്ദീഖി, ബശീറുദ്ദീൻ ഇർഫാൻ, അബ്ദുർറാഫിഉ് ബാജ്‌വ, ജഹാൻ സേബ് വഡായിച്ച്.

അയ്നീ ഖുർറത്തുൽ അയ്ൻ മുൽഹി, ഹുദാ മാരിയ അക്മൽ, അദീല അഹ്മദ് sheigh, സയ്യിദ ഹമാമത്തുൽബുശ്റാ, സയ്യിദ മആരി ജ് ശഫീഖ്, സയ്യിദ ദുർറെ അദൻ ശഫീഖ്, വാനിയ അഹ്മദ് അൻജും, ഫാരിഅ സയ്യിദ്, ഫസാവുഡായിച്ച്, നവേര(nawera) സിദ്ദീഖി, അമത്തുസ്സുബൂഹ് ബാജ്‌വ, സാറാ സയീദ്.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ അയ്യദഹുല്ലാഹ് മഗ്‌രിബ്-ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു.

### ഹുദൂറിന്റെ ഹോളണ്ട് പര്യടനം

### പത്ര വാർത്തകൾ

ഇന്നും ഹോളണ്ടിലെ നാഷണൽ, റീജ്യണൽ പത്രങ്ങൾ ഹുദൂറിന്റെ സന്ദർശന വിഷയകമായി വാർത്തകൾ നല്കി. ലേഖനങ്ങളും പ്രസിദ്ധീകരിച്ചു.

❁ ഹോളണ്ടിന്റെ നാഷണൽപത്രമായ Algemenn Dagblad (അൽജെമെൻ ഡാഗ്ബ്ലാഡ്) അതിന്റെ ഇന്നത്തെ എഡിഷനിൽ *"സമാധാനത്തിന്റെ ഖലീഫയുമായി വ്യക്തിപരമായ കൂടിക്കാഴ്ച"* എന്ന തലക്കെട്ടോടെ വാർത്ത നല്കി.

*'നൺസ്പീറ്റിലെ വനത്തിൽ ആളുകളുടെ നീണ്ട നിരകൾ'* എന്നതായിരുന്നു അതിന്റെ സബ്ഹെഡ്ഡിംഗ് കൊടുത്തത്.

വിശദമായ വാർത്ത ഇപ്രകാരമായിരുന്നു: നൺസ്പീറ്റിലെ വനത്തിൽ മുസ്‌ലിമീങ്ങളുടെ നീണ്ട നിരകളുണ്ടായിരുന്നു. പുരുഷന്മാർ തൊപ്പികൾ ധരിച്ചു നിൽക്കുന്നു. അവരിൽ ചിലർക്ക് താടിയുമുണ്ട്. ഇവരെ എല്ലാവരേയും സെക്യൂരിറ്റി പരിശോധിക്കുന്നു. സുരക്ഷിതത്വത്തിനുള്ള എല്ലാ സംവിധാനങ്ങളും അവർ തങ്ങളുടെ ഇമാം മിർസാ മസ്റൂർ അഹ്മദിനു വേണ്ടിയാണ് ചെയ്യുന്നത്. ഇദ്ദേഹം 207 രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന മില്യൺകണക്കിന് അഹ്മദികളുടെ നേതാവാണ്. ഹോളണ്ടിലെ ജമാഅത്ത് ചെറുതാണ്. ഇവിടെ ഏകദേശം 1800 അഹ്മദീ മുസ്‌ലിമീങ്ങളുണ്ട്. ഖലീഫ ഇവരെ വേലുവിൽ(VelZwe) താമസിക്കുന്നുവെന്നത് പ്രത്യേകത അർഹിക്കുന്നു.

ഈ പത്രം എഴുതി: 'എതിർപുണ്ടായിട്ടും ഈ ജമാഅത്ത് വ്യാപിക്കുകയാണ്. കാരണം ഖലീഫ സമാധാനത്തിനുവേണ്ടി പ്രചാരണം നടത്തുന്നു. ഖുർആൻ ജിഹാദിനല്ല ആഹ്വാനം ചെയ്യുന്നത്. പ്രത്യുത, പ്രത്യക്ഷമായ ആദരവിന്റെ അധ്യാപനമാണ് നല്കുന്നത്.'

മിർസാ മസ്റൂർ അഹ്മദ് സാഹിബിന് പാർലമെന്റിലും ക്ഷണം നല്കിരുന്നു. അവിടെ ചൊവ്വാഴ്

### ഹദീഥുന്നബവ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)***

### ഹദീസുന്നബവ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

ച അദ്ദേഹം ഹൗസ് ഓഫ് റെപ്രസെന്റേറ്റീവിൽ (House of Representative)ൽ സമാധാനസന്ദേശം നല്കി. ഇതിന്നു മുമ്പേ യൂ.കെ പാർലമെന്റിലും ജർമൻകാരോടും, യൂറോപ്യൻ പാർലമെന്റിലും അദ്ദേഹം പ്രഭാഷണം നടത്തിയിരുന്നു.

ഇവിടെ ധാരാളം കാറുകളുണ്ട്. ഇവയിൽ അധികവും വിദേശ രാജ്യങ്ങളിൽ നിന്ന് വന്നതാണ്. ഖലീഫ യൂ.കെയിലാണ് താമസിക്കുന്നത്. എന്നാൽ, അദ്ദേഹത്തെ വിശ്വസിക്കുന്നവർക്ക് കാണുന്നതിനുള്ള അവസരമാണിത്. ഇവിടെ സെക്യൂരിറ്റിയുടേയും സംവിധാനം ഒരുക്കിയിട്ടുണ്ട്. മുസ്‌ലിം ലോകത്ത് ഇവർക്ക് എതിർപുള്ളതു കൊണ്ട് സെക്യൂരിറ്റിയുടെ ആവശ്യമുണ്ട്. ഓരോരുത്തരായി അകത്തുപോയി കൂടിക്കാഴ്ച നടത്തുന്നു. ഇപ്പോൾ വരെ ഇവിടെ എവിടേയും ഒരു സ്ത്രീയേയും കണ്ടിട്ടില്ല. എന്നാൽ കുടുംബകൂടിക്കാഴ്ചയിൽ സ്ത്രീകളും കുട്ടികളും ഹുദൂറിനെ കണ്ടു. (ഈ ജേർണലിസ്റ്റ് പുരുഷന്മാരുടെ ഭാഗത്തായതു കൊണ്ട് മറുഭാഗത്തുണ്ടായിരുന്ന സ്ത്രീകളെ കണ്ടിട്ടില്ല.) ഖലീഫയിൽനിന്ന് അനുഗ്രഹം നേടാൻ ജനങ്ങൾ കൈയിൽ തേൻ കരുതിയിട്ടുണ്ട്. ഇതും സ്നേഹത്തിന്റെ ഒരു പ്രകടനമാണ്.

ഖലീഫയുടെ വ്യക്തിത്വത്തിൽ നിസംശയം ഒരു ഗാംഭീര്യം കാണപ്പെടുന്നു.

മുസ്‌ലിം രാജ്യങ്ങളുടെ അവസ്ഥ പ്രത്യേകമായും നിരീക്ഷിച്ചാൽ മൂന്നാം ലോക മഹായുദ്ധം തുടങ്ങിക്കഴിഞ്ഞു എന്ന് കാണാമെന്നുള്ള സന്ദേശം ഖലീഫ നല്കിയിരുന്നു. പാശ്ചാത്യലോകം ഈ സാഹചര്യത്തിൽ ഇടപെടുന്നതിന്റെ ലക്ഷ്യം അവരുടെ ശക്തി വർധിപ്പിക്കാനാണെന്ന തോന്നൽ മിഡിൽ ഈസ്റ്റിലെ ജനങ്ങൾക്ക് ഉണ്ടായി തുടങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലോകത്തിനു നല്കുന്ന സന്ദേശം എന്താണെന്നും ഖലീഫയോട് ചോദിക്കപ്പെട്ടു. "ബുദ്ധി ഉപയോഗിക്കുക എന്ന മറുപടിയാണ് ഖലീഫ ചിരിച്ചുകൊണ്ട് നല്കിയത്."

അഭയാർഥികളിൽ ഐ.എസിന്റെ ആളുകളും ഉണ്ടാകാമെന്നുള്ള ഭയം യൂറോപ്യർക്കുണ്ടെന്നും ഖലീഫ മനസ്സിലാക്കുന്നു.

പാശ്ചാത്യ ലോകത്ത് യുദ്ധം ചെയ്യാൻപോകുന്ന മുസ്‌ലിമീങ്ങൾ നൈരാശ്യം ബാധിച്ചവരും ജോലിയില്ലാത്തവരുമാണ്. അവർ തെറ്റായ രീതിയിൽ ബ്രെയിൻ വാഷ് ചെയ്യപ്പെട്ടിരിക്കുകയാണ്. പാശ്ചാത്യർക്കെതിരിൽ ചെയ്യുന്ന ഐ.എസ് ജിഹാദിന് ഒരു അസ്തിത്വവുമില്ല. യുദ്ധത്തിന് കല്പന നല്കുന്ന ഖുർആനികവചനങ്ങളെകുറിച്ചും ചോദ്യം ഉയർന്നു. യുദ്ധത്തെകുറിച്ച് വിശുദ്ധ ഖുർആനിൽ 190 വചനങ്ങളുണ്ടെങ്കിൽ തൗറാത്തിൽ 550 വചനങ്ങളുണ്ട്. ഈ വചനങ്ങളുടെ മുമ്പേയും പിമ്പേയും വിവരിച്ചിട്ടുള്ള സാഹചര്യങ്ങൾ നോക്കുമ്പോഴാണ് യഥാർഥ വിഷയം മനസ്സിലാകുക. കേവലം പ്രതിരോധത്തിനുവേണ്ടി മുസ്‌ലിമീങ്ങൾക്ക് യുദ്ധം ചെയ്യാവുന്നതാണ്;

യുദ്ധം അവരുടെമേൽ അടിച്ചേൽപ്പിക്കപ്പെടുക യാണെങ്കിൽ! ജിഹാദിന്റെ അർഥം മതത്തെ സംരക്ഷിക്കുക എന്നതാണ്. നമ്മുടെ നബി മുഹമ്മദ്(സ) മദീനയിൽ യഹൂദരുടേയും ക്രിസ്ത്യാനികളുടേയും ആരാധനാസ്ഥലങ്ങൾ സംരക്ഷിച്ചിരുന്നു.

സംഭാഷണം അവസാനിച്ചതിനുശേഷം ഹസ്തദാനത്തിനും ഫോട്ടോ എടുക്കാനും അവസരം നല്കപ്പെടുന്നു. പുറത്തിറങ്ങുമ്പോഴും നീണ്ട നിര കാണപ്പെട്ടിരുന്നു. ആദ്യം കാണപ്പെടുന്ന വ്യക്തിയുടെ കൈയിലും തേനിന്റെ ഒരു കുപ്പി ഉണ്ടായിരുന്നു.

ഹോളണ്ടിലെ ഈന്തോവൻ(Eindhoven), ഡഗ്ബ്ളാഡ്(Dagblad), ഡി സ്റ്റെന്റർ(De Stentor), പീ ഇസഡ്. സി (PZC), ബീ എൻ ഡി സ്റ്റം (BN de Stem), ബ്രാബെൻസെ ഡാഗ്ബ്ളാഡ് (Brabantse Dagblaറ) തുടങ്ങിയ റീജ്യണൽ പത്രങ്ങൾ വാർത്തകൾ കവറേജ് ചെയ്തു.

ഈ പത്രങ്ങൾ ഒക്ടോബർ 10–ന് പ്രസിദ്ധീകരിച്ച വാർത്തയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും സ്മരിച്ചിരുന്നു. ഹുദൂറിന്റെ ഫോട്ടോയും നല്കിയിരുന്നു. വിവിധ പാർലമെന്റുകളിലെ ഹുദൂറിന്റെ സന്ദർശനങ്ങളെക്കുറിച്ച് പ്രത്യേകംപ്രത്യേകം തലക്കെട്ടോടെയാണ് വാർത്തകൾ കൊടുത്തിരുന്നത്. കൂടിക്കാഴ്ചക്കുവേണ്ടി നിൽക്കുന്ന നിരകളുടെ ഫോട്ടോയും നല്കിയിരുന്നു.

❋ *'അഹ്മദി മുസ്‌ലിമീങ്ങളുടെ പരമോന്നത ആത്മീയ നേതാവുമായി കൂടിക്കാഴ്ച'* എന്ന ശീർഷകത്തോടെയാണ് വാർത്തകൾ നല്കിയിരുന്നത്.

ഈ പത്രങ്ങൾ എഴുതുന്നു:

ഖലീഫ മിർസാ മസ്റൂർ അഹ്മദ് ഒരാഴ്ച നൺസ്പീറ്റിൽ തങ്ങുന്നതാണ്. ഈ കാലയളവിൽ ജനങ്ങളുടെ ബാഹുല്യം ഇവിടെയുണ്ടാകും. നൺസ്പീറ്റിലെ വനത്തിൽ മുസ്‌ലിമീങ്ങളുടെ നീണ്ട നിരയാണ്. 207 രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന മില്യൺക്കണക്കിന് അഹ്മദി മുസ്‌ലിമീങ്ങളുടെ പരമോന്നതനേതാവായ മിർസാ മസ്റൂർ അഹ്മദിനു വേണ്ടി പ്രത്യേകമായ സെക്യൂരിറ്റി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. നിങ്ങൾക്ക് അദ്ദേഹത്തെ ഒരു ഇസ്‌ലാമി പോപ്പ് എന്ന് മനസ്സിലാക്കാവുന്നതാണ്. ഈ ജമാഅത്ത് സ്ഥാപിച്ചത് 1889–ൽ ഇന്ത്യയിലെ മിർസാ ഗുലാം അഹ്മദാണ്. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അഞ്ചാമത്തെ ഖലീഫയാണ്.

മിർസാ മസ്റൂർ അഹ്മദിനെ ഡച്ച് പാർലമെന്റും ക്ഷണിച്ചിട്ടുണ്ട്. ചൊവ്വാഴ്ച അദ്ദേഹം ഹൗസ് ഓഫ് റെപ്രസെന്റേറ്റീവിൽ (House Representtive) സമാധാന സന്ദേശം നല്കും. ഇതിനു മുമ്പേ, യൂ.കെ പാർലമെന്റിനേയും ജർമൻ ജനതയേയും യൂറോപ്യൻ ജനതയേയും അദ്ദേഹം അഭിസംബോധന ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ അനുയായികൾക്കെല്ലാവർക്കും ഹ്രസ്വമായ കൂടിക്കാഴ്ച നടത്താവുന്നതാണ്. ഇവിടെ ധാരാളം കാറുകൾ കാണാം. അവയിൽ അധികവും വിദേശ രാജ്യത്തു നിന്നു വന്നതാണ്. ഖലീഫ യൂ.കെയിലാണ് താമസിക്കുന്നത്. എന്നാൽ, അദ്ദേഹത്തെ വിശ്വസിക്കുന്നവർക്ക് കൂടിക്കാഴ്ച നടത്താൻ ഇപ്പോൾ അവസരമുണ്ട്. ഇവിടെ സെക്യൂരിറ്റി ഒരുക്കിയിട്ടുണ്ട്. കാരണം അതിന്റെ ആവശ്യകതയുമുണ്ട്. മുസ്‌ലിം രാജ്യങ്ങളിൽനിന്ന് ഇവർക്ക് എതിർപ്പുണ്ടെന്നതാണ് കാരണം. പുരുഷന്മാർ ഓരോരുത്തരായി അകത്തു പോയി കൂടിക്കാഴ്ച നടത്തുന്നു.

ഇതുവരെ ഇവിടെ എവിടേയും ഒരു സ്ത്രീയേയും കണ്ടിട്ടില്ല. എന്നാൽ, കുടുംബ കൂടിക്കാഴ്ചയിൽ സ്ത്രീകളും കുട്ടികളും ഹുദൂറിനെ കണ്ടു. (ഈ ജേർണലിസ്റ്റ് പുരുഷന്മാരുടെ ഭാഗത്തായതുകൊണ്ട് മറുഭാഗത്തുണ്ടായിരുന്ന സ്ത്രീകളെ കണ്ടിട്ടില്ല.) ഖലീഫയിൽനിന്നു അനുഗ്രഹം തേടാൻ ജനങ്ങൾ കൈയിൽ തേൻ കരുതിയിട്ടുണ്ട്. ഇതും സ്നേഹത്തിന്റെ ഒരു പ്രകടനമാണ്.

ഖലീഫയുടെ വ്യക്തിത്വത്തിൽ സംശയലേശമന്യേ ഒരു ഗാംഭീര്യം കാണപ്പെടുന്നുണ്ട്.

മുസ്‌ലിം രാജ്യങ്ങളുടെ അവസ്ഥയിന്മേൽ പ്രത്യേകമായും ദൃഷ്ടി പായിച്ചാൽ മൂന്നാം ലോക മഹായുദ്ധം തുടങ്ങിക്കഴിഞ്ഞുവെന്ന് കാണാവുന്നതാണെന്നുള്ള സന്ദേശം ഖലീഫ നല്കിയിരുന്നു. പാശ്ചാത്യ ലോകം ഈ സാഹചര്യത്തിൽ ഇടപെടുന്നതിന്റെ ലക്ഷ്യം അവരുടെ ശക്തി വർധിപ്പിക്കാനാണെന്നുള്ള തോന്നൽ മിഡിൽ ഈസ്റ്റിലെ ജനങ്ങൾക്ക് ഉണ്ടായിതുടങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലോകത്തിനു നല്കുന്ന സന്ദേശം എന്താണെന്നും ഖലീഫയോട് ചോദിക്കപ്പെട്ടു. "ബുദ്ധി ഉപയോഗിക്കുക" എന്ന മറുപടിയാണ് ഖലീഫ ചിരിച്ചു കൊണ്ട് നല്കിയത്.

അഭയാർഥികളിൽ ഐ.എസിന്റെ ആളുകളും ഉണ്ടാകാമെന്നുള്ള ഭയം യൂറോപ്യർക്കുണ്ടെന്നും ഖലീഫ മനസ്സിലാക്കുന്നുണ്ട്.

പാശ്ചാത്യ ലോകത്ത് യുദ്ധം ചെയ്യാൻ പോകുന്ന മുസ്‌ലിമീങ്ങൾ frustrated ആണ്. unemployed ആണ്. അവർ തെറ്റായ രീതിയിൽ brain wash ചെയ്യപ്പെട്ടിരിക്കുകയാണ്.

ഖലീഫയുടെ അഭിപ്രായത്തിൽ പാശ്ചാത്യർക്കെതിരിൽ ചെയ്യുന്ന ഐ എസ് ജിഹാദിന് ഒരു പ്രസക്തിയുമില്ല. യുദ്ധത്തിന് കല്പന നല്കുന്ന ഖുർആനിക വചനങ്ങളെ കുറിച്ചും ചോദ്യം ഉയർന്നു.

അതിനുള്ള മറുപടിയിൽ അദ്ദേഹം പറഞ്ഞു: യുദ്ധത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ 190 വചനങ്ങൾ ഉണ്ടെങ്കിൽ തൗറാത്തില് 550 വചനങ്ങളുണ്ട്. ഈ വചനങ്ങളുടെ മുമ്പേ വിവരിച്ചിട്ടുള്ള സാഹചര്യങ്ങൾ നോക്കുമ്പോഴാണ് യഥാർഥ വിഷയം മനസ്സിലാകുക. കേവലം പ്രതിരോധത്തിനു വേണ്ടി മുസ്‌ലിമീങ്ങൾക്ക് യുദ്ധം ചെയ്യാവുന്നതാണ്. യുദ്ധം അവരുടെമേൽ അടിച്ചേല്പ്പിക്കപ്പെടുകയാണെങ്കിൽ മാത്രം! ജിഹാദിന്റെ അർഥം മതത്തെ സംരക്ഷിക്കുക എന്നതാണ്. നമ്മുടെ നബി മുഹമ്മദ്(സ) മദീനയിൽ യഹൂദരുടേയും ക്രിസ്ത്യാനികളുടേയും ആരാധനസ്ഥലങ്ങൾ സംരക്ഷിച്ചിരുന്നു.

സംഭാഷണം അവസാനിച്ചതിനുശേഷം ഹസ്തദാനത്തിനും ഫോട്ടോ എടുക്കാനും അവസരം നല്കപ്പെടുന്നു. പുറത്തിറങ്ങുമ്പോഴും നീണ്ട നിര കാണപ്പെട്ടിരുന്നു. ആദ്യം കാണപ്പെടുന്ന വ്യക്തിയുടെ കൈയിലും തേനിന്റെ ഒരു കുപ്പി ഉണ്ടായിരുന്നു.

ഹുദൂറിന്റെ വിവിധ പാർലമെന്റ് സന്ദർശനങ്ങളെ കുറിച്ച് *'സമാധാനത്തിന്റെ ഖലീഫ യൂറോപ്യൻ പാർലമെന്റുകളിൽ സന്ദർശനം നടത്തി വരുന്നു'* എന്ന ശീർഷകത്തിൽ വാർത്തകൾ നല്കി. വിശദമായ വാർത്തകളും കൊടുത്തിരുന്നു.

വാർത്ത വിശദമായി നല്കിക്കൊണ്ടു പത്രം എഴുതി: ഖലീഫ മിർസാ മസ്റൂർ അഹ്മദ് പാർലമെന്റ് ക്ഷണിച്ചതു പ്രകാരം ഹോളണ്ടിലെത്തി. തന്റെ സന്ദേശ പ്രചാരണവും അദ്ദേഹം നടത്തി വരുന്നു. മുമ്പേ യൂ.കെ, ജർമനി, യൂറോപ്യൻ പാർലമെന്റ് എന്നിവിടങ്ങളിൽ ഖലീഫ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. മുസ്‌ലിം ലോകത്ത് യഥാർഥ നേതാക്കളാരുമില്ല. എന്നാൽ, ഇദ്ദേഹത്തിന്റെ വാക്കുകൾ മില്യൺക്കണക്കിന് വ്യക്തികൾക്ക് മാർഗദർശനം നല്കുന്നുണ്ട്. പടിഞ്ഞാറ് ഒരു സമാധാന കാംക്ഷിയായ ഇസ്‌ലാമിക സന്ദേശത്തിന്റെ ശക്തമായ ആവശ്യം നേരിടുന്നുണ്ട്. മുസ്‌ലിം ലോകത്ത് ഖലീഫക്ക് ശക്തിമത്തായ എതിർപ്പുണ്ട്; പാക്കിസ്താനിൽ അവർക്ക് സ്വയം മുസ്‌ലിമീങ്ങൾ എന്ന് പറയാൻ പോലും നിയമപരമായി അനുവാദമില്ല. ഈ ജമാഅത്ത് ഹോളണ്ടിലെ ആദ്യ മസ്ജിദായ

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 20 August 2020 Issue-34

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

മസ്ജിദ് മുബാറക്ക് 1955–ൽ നിർമിച്ചു.ഹോളണ്ടിൽ ഇവരുടെ അംഗസംഖ്യ 1800 ആണ്.(ബദ്ർ പത്രം ഉർദു 19 നവംബർ 2015 ഞായറാഴ്ച)

### 2015 ഒക്ടോബർ 11 ഞായറാഴ്ച

ഹുദൂർ അൻവർ രാവിലെ 6.45–ന് ബയ്ത്തുന്നൂറിൽ സുബ്ഹി നമസ്കരിപ്പിച്ചു.

രാവിലെ 7.40–ന് താമസ സ്ഥലത്തുനിന്ന് പുറത്തേക്കുവന്ന ഹുദൂർ അൻവർ ഇന്നും നൺസ്പീറ്റിലെ ഗ്രാമീണ മേഖലയിൽ സൈക്കിൾയാത്ര നടത്തി. തടാകം ഒരു പ്രാവശ്യം ചുറ്റി. 25 ഖുദ്ദാമും ഏകദേശം ഒരു മണിക്കൂറിനു ശേഷം 8.40–ന് മടങ്ങിയെത്തി.12.15–ന് ഹുദൂർ അൻവർ തന്റെ ഓഫീസിലെത്തി. ഓഫീസ് സംബന്ധമായ കത്തുകൾ പരിശോധിച്ചു. ആവശ്യമായ മാർഗനിർദേശങ്ങൾ നല്കി. ഹുദൂർ അൻവറിന്റെ ഹോളണ്ട് പര്യടനവേളയിൽ ദിനേന ലണ്ടൻ കേന്ദ്രത്തിൽനിന്നും ലോകത്തെ വിവിധ ഭാഗങ്ങളിൽ നിന്നും ഫാക്സുകളും ഈമെയിലുകളും റിപ്പോർട്ടുകളും ഹുദൂറിന് ലഭിച്ചു കൊണ്ടിരുന്നു. കൂടാതെ ഹോളണ്ടിലെ ജമാഅത്ത് സഹോദരങ്ങളിൽനിന്നും ലഭിച്ചു കൊണ്ടിരുന്ന കത്തുകളും റിപ്പോർട്ടുകളും ഹുദൂർ പരിശോധിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു.

**ഫ്രാൻസിലെ നവഅഹ്മദികളുടെ കൂടിക്കാഴ്ച**

ഇന്ന് ഫ്രാൻസിൽ നിന്നുള്ള 22 നവഅഹ്മദികൾ അടങ്ങുന്ന സംഘത്തിന് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സൗഭാഗ്യം ലഭിച്ചു. ഈ സംഘത്തിലെ അംഗങ്ങൾ 8 രാഷ്ട്രങ്ങളിൽ നിന്നുള്ളവരാണ്. അൽജീരിയ, മൊറോക്കോ, ഫ്രാൻസ്, സെനിഗൾ, മൌറീഷ്യസ്, ബെനിൻ, ജസായിർ ,ഖമുറോസ്, മാലി, ഇവരെല്ലാവരും ഫ്രാൻസിൽനിന്നും ഹോളണ്ടിലേക്ക് 500 കിലോമീറ്റർ ദീർഘ ദൂരം യാത്ര ചെയ്ത് തങ്ങളുടെ പ്രിയ നേതാവിനെ കാണാൻ എത്തിയവരാണ്.

12.50–ന് ഹുദൂർ അൻവർ മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിലെത്തി ഈ സംഘവുമായി കൂടിക്കാഴ്ച നടത്തി. എല്ലാവരും അവരവരുടെ ഊഴമനുസരിച്ച് പരിചയപ്പെടുത്തി. പരിചയപ്പെടുത്തുമ്പോൾ ഒപ്പംതന്നെ, ചില കാര്യങ്ങൾ ഹുദൂർ ചോദിച്ചറിയുകയും ചെയ്തു.

ഫ്രാൻസിൽനിന്നുവന്ന Ghislain(ഗിസ്ലയ്ൻ)സാഹിബും അദ്ദേഹത്തിന്റെ ഭാര്യയും ഈ സംഘത്തിൽ ഉണ്ടായിരുന്നു. ഇവരുടെ ബന്ധം ഫ്രാൻസിൽ അഹമദിയ്യത്ത് സ്വീകരിച്ച 31 ആളുകളടങ്ങുന്ന ഒരു കുടുംബവുമായിട്ടാണ്. 2015ലെ യൂ.കെ ജൽസയിലാണ് ഇവർ രണ്ടുപേരും ബയ്അത്ത് ചെയ്തത്. ഭർത്താവ് തദ്ദേശ ഫ്രഞ്ചുകാരനാണ്. ഭാര്യ അൽജീരിയക്കാരിയാണ്. ഇവർക്ക് 3 മക്കളുണ്ട്.

ഹുദൂർ അൻവർ അവരോട് ചോദിച്ചു: ജൽസാവസരത്തിൽ കണ്ടില്ലല്ലോ?

Ghislain(ഗിസ്ലയ്ൻ)സാഹിബ്: 'ജൽസക്കു ശേഷം ഞങ്ങൾക്ക് ഒരു ദിവസമേ നിൽക്കാൻ കഴിഞ്ഞുള്ളൂ. ഞങ്ങൾ ഹുദൂറിന്റെ പിന്നിൽ നമസ്കരിച്ചു കൊണ്ടിരുന്നു. എന്നാൽ, അവിടെവച്ച് കൂടിക്കാഴ്ച നടത്താൻ തടസ്സമുണ്ടായിരുന്നു.'

ഹുദൂർ അൻവർ ഇവരിരുടേയും ബയ്അത്ത് സംഭവം 2015 സെപ്റ്റംബർ 28നുള്ള ജുമുഅ ഖുത്ബയിൽ വിവരിച്ചിരുന്നു. ഹുദൂർ വിവരിച്ചത് ഇപ്രകാരമാണ്. 'ഫ്രാൻസ് അമീർ സാഹിബ് എഴുതുന്നു: 'Ghislain(ഗിസ്ലയ്ൻ)സാഹിബിനും അദ്ദേഹത്തിന്റെ ഭാര്യക്കും 3 കുട്ടികൾക്കും ജമാഅത്തുമായി വളരെ മുമ്പേ ബന്ധമുണ്ട്. എങ്കിലും അവർ ഇതുവരേയും ബയ്അത്ത് ചെയ്തിരുന്നില്ല. ഞായറാഴ്ച രാവിലെ സുബ്ഹി നമസ്കാരശേഷം എന്റെയടുക്കൽ വന്നു പറഞ്ഞു: അങ്ങയോട് ഒരു കാര്യം പറയാനുണ്ട്. ഒപ്പം തന്നെ കരയാനും തുടങ്ങി. കാര്യം അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഇതു വരേയും ബയ്അത്ത് ചെയ്യാതിരുന്നത് എന്റെ ഭാര്യയും മക്കളുംകൂടി ഒപ്പം ബയ്അത്ത് ചെയ്യട്ടെ എന്നു കരുതിയാണ്. ഇപ്പോള് ഞാൻ ജൽസയിൽ പങ്കെടുത്തിരിക്കുമ്പോൾ ബയ്അത്ത് ചെയ്യണമെന്ന് ഹൃദയം അതിയായി ആഗ്രഹിക്കുന്നുണ്ടായിരുന്നു. എന്നാൽ, ഭാര്യയും എന്റെ കൂടെ ബയ്അത്ത് ചെയ്യണമെന്നത് എന്റെ ശക്തമായ ആഗ്രഹമായിരുന്നു. ഇന്നു രാവിലെ സുബ്ഹി നമസ്കാരത്തിൽ ഞാൻ വളരെയധികം ദുആ ചെയ്തു. നമസ്കാര ശേഷം എന്റെ ഭാര്യ എന്നോട് പറഞ്ഞു:'എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്.'

അപ്പോൾ ഞാൻ പറഞ്ഞു:'എനിക്കും നിന്നോട് ഒരു കാര്യം പറയാനുണ്ട്.'

അങ്ങനെ എന്റെ ഭാര്യ പറഞ്ഞു: 'എനിക്ക് ബയ്അത്ത് ചെയ്യാൻ ആഗ്രഹം തോന്നുന്നു.'അപ്പോൾ ഞാൻ പറഞ്ഞു: ഞാനും ബയ്അത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. ഞങ്ങൾക്കിരുവർക്കും ഒരുമിച്ച് ബയ്അത്ത് ചെയ്യാൻ സാധിക്കുന്നതിനു ഞാനും ദുആ ചെയ്യുന്നുണ്ടായിരുന്നു. ഇന്ന് അല്ലാഹു എന്റെ പ്രാർഥന കേട്ടിരിക്കുന്നു.'

ഇപ്രകാരം അൽഹംദുലില്ലാഹ് ഈ കുടുംബത്തിലുള്ള എല്ലാവരും ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. ഇവർ തങ്ങളുടെ മക്കളോടൊപ്പം ഹുദൂറിനെ കാണാൻ എത്തിയിരിക്കുകയാണ്.(തുടരും)




(പേജ് 1ൽനിന്ന്)

അല്ലാഹു അവനെ വകവെക്കുകയില്ല. **ഖുൽ മാ യഅ്ബഉബിക്കും റബ്ബി ലൗലാ ദുആഉക്കും**(25:78) എന്ന ആയത്ത് അതാണ് സൂചിപ്പിക്കുന്നത്. ഞാൻ ഒരു പ്രാവശ്യം മുമ്പേയും പറഞ്ഞിരുന്നു; ഞാൻ ഒരു സ്വപ്നത്തിൽ കണ്ടു. ഞാൻ ഒരു വനത്തിൽ നിൽക്കുകയാണ്. അതിൽ കിഴക്കുപടിഞ്ഞാറായി ഒരു വലിയ തോട് ഒഴുകുന്നുണ്ട്. ആ തോടിന്റെ കരയിൽ ചെമ്മരിയാടുകളെ കിടത്തിയിട്ടുണ്ട്. ഓരോ ആടിന്റേയും അരികിൽ ഓരോ കശാപ്പുകാരൻ നിൽപുണ്ട്. കൈയിൽ കത്തിയുണ്ട്. അത് അവയുടെ കഴുത്തിനോടുചേർത്തുവെച്ചാണ് കശാപ്പുകാർ നില്ക്കുന്നത്. മുകളിലേക്ക് നോക്കിയാണ് അവർ നിൽക്കുന്നത്. ഞാൻ അവരുടെ അടുത്തു ഉലാത്തുകയാണ്. ആ ദൃശ്യംകണ്ട് അവർ ദൈവകല്പന കാത്തുനില്ക്കുകയാണെന്ന് ഞാൻ മനസ്സിലാക്കി . അപ്പോൾ ഞാൻ ഈ ആയത്ത് ഓതി. **ഖുൽ മാ യഅ്ബഉബിക്കും റബ്ബി ലൗലാ ദുആഉക്കും**(25:78). ഇതുകേട്ടപാടെ ആ കശാപ്പുകാർ ക്ഷണത്തിൽ കത്തി ആഴ്ത്തി. നിങ്ങൾ പുല്ലുകൾതിന്നുന്ന ജീവികളല്ലേ, നിങ്ങൾക്കെന്താണ് പ്രസക്തി? എന്നു പറയുകയും ചെയ്തു.

ചുരുക്കത്തിൽ അല്ലാഹു മുത്തഖിയുടെ ജീവിതം പരിഗണിക്കുന്നു. അവന്റെ നിലനിൽപിനെ സ്നേഹിക്കുന്നു. ആരാണോ അവന്റെ ഇഷ്ടത്തിനു വിരുദ്ധം നടക്കുന്നത് അവൻ അവരെ പരിഗണിക്കുകയില്ല. അവനെ നരകത്തിൽ ഇടുന്നു. അതുകൊണ്ട് തങ്ങളുടെ ആത്മാവിനെ ശയ്ത്വാന്റെ അടിമത്വത്തിൽനിന്ന് മോചിപ്പിക്കേണ്ടത് ഓരോരുത്തർക്കും നിർബന്ധമാണ്. ക്ലോറോഫോം ഉറക്കം കൊണ്ടുവരുന്നു. അതുപോലെ ശയ്ത്വാൻ മനുഷ്യനെ നശിപ്പിക്കുന്നു. അവനെ അശ്രദ്ധയുടെ ഉറക്കം ഉറക്കുന്നു. അതിൽതന്നെ അവനെ നശിപ്പിക്കുകയും ചെയ്യുന്നു.'
(മൽഫൂദാത്ത് വാള്യം 1, പേജ് 170 - 171, 2018 ഖാദിയാൻ)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

### ഹദീഥുന്നബ്വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്ലിം)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin